25 years

Kandanad

Diocesan
BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 8, 15 August 2015

എഡിറ്റോറിയൽ

# സഹകരിക്കൂ

കഴിഞ്ഞ ജൂലായ് 25ന് നടന്ന അഖിലേന്ത്യാ മെഡിക്കൽ പ്രവേശന പുനഃപരീക്ഷയിൽ തിരുവനന്തപുരത്തെ പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതാനെത്തിയ ഒരു കന്യാസ്ത്രീക്ക് നിബന്ധന പാലിക്കാൻ കഴിയാത്തതിനാൽ പരീക്ഷ എഴുതാതെ മടങ്ങേണ്ടി വന്നു എന്ന് വാർത്തയുണ്ടായിരുന്നു. മറ്റു പല വിലക്കുകൾക്കൊപ്പം പരീക്ഷാർത്ഥികൾ ശിരാവരണം ധരിച്ചുകൊണ്ട് പരീക്ഷ എഴുതരുത് എന്ന നിർദ്ദേശവുമുണ്ടായിരുന്നു. അതിനും പുറമേ ഈ വിലക്കിന് കോടതിയുടെ അംഗീകാരവുമുണ്ടായിരുന്നു. എന്നിട്ടും കന്യാസ്ത്രീയെ പരീക്ഷ എഴുതുവാൻ അനുവദിക്കാത്തത് മൗലീകാവകാശ ധ്വംസനവും മതന്യൂനപക്ഷ ദ്രോഹവുമൊക്കെയായി വ്യാഖ്യാനിക്കുന്ന ചർച്ചകൾ ചില ടെലിവിഷൻ ചാനലുകൾ സംപ്രേഷണം ചെയ്യുകയുണ്ടായി.

ഈ സംഭവത്തെ വിലയിരുത്തുന്നതിനു മുമ്പായി അതിന്റെ പശ്ചാത്തലം വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. മുന്നേ സൂചിപ്പിച്ചിരുന്നതുപോലെ ഇതൊരു പുനഃപരീക്ഷയായിരുന്നു. അതായത് ഒരു പരീക്ഷ നടന്ന ശേഷം അതിൽ ക്രമക്കേടു നടന്നിരുന്നു എന്നു കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ വീണ്ടും നടത്തിയ പരീക്ഷ. കൂടാതെ ആറു ലക്ഷത്തിൽപരം പരീക്ഷാർത്ഥികൾ പങ്കെടുക്കുന്ന മത്സരപരീക്ഷ. മാത്രമല്ല രാജ്യത്തെ ഏറ്റവും സമർത്ഥരായ കുട്ടികൾ മാറ്റുരക്കുന്നതും ഏറ്റവും ശ്രേഷ്ഠമായ തൊഴിലുകളിലേക്ക് അവരെ തെരഞ്ഞെടുക്കുന്നതുമായ പരീക്ഷ. അത് അന്യൂനവും ക്രമാനുസരണവുമായി നടത്തപ്പെടേണ്ട കാര്യത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമുണ്ടാകാനിടയില്ല. അതുകൊണ്ടു തന്നെ ഈ പരീക്ഷ ഏറ്റവും കർശനമായ മുൻകരുതലുകളോടെ മാത്രം നടത്തപ്പെടേണ്ടതാണ്. അതിൽ വിട്ടുവീഴ്ചയുടെ കാര്യം ഉദിക്കുന്നേയില്ല.

പണ്ടൊക്കെ കടലാസു തുണ്ടുകളിലോ, വസ്ത്രങ്ങളിലോ, ശരീരഭാഗങ്ങളിലോ വരാൻ സാധ്യതയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഴുതിക്കൊണ്ടു വന്നു കോപ്പി ചെയ്യുക, സമീപത്തുള്ള കുട്ടികളുടെ ഉത്തരങ്ങൾ പകർത്തുക അവരോടു ചോദിച്ചെഴുതുക, ടെക്സ്റ്റു ബുക്കുകളുടേയോ ഗൈഡുകളുടേയോ താളുകൾ ഒളിച്ചുകൊണ്ടു വന്ന് പരീക്ഷകൻ കാണാതെ പകർത്തുക മുതലായവയായിരുന്നു പരീക്ഷാഹോളിലെ ക്രമക്കേടുകൾ. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. മുടിക്കെട്ടിലും, ചെവിക്കുള്ളിലും ശിരോവസ്ത്രത്തിനകത്തുമെല്ലാം ഒളിപ്പിക്കാവുന്ന സൂക്ഷ്മമായ ശ്രാവ്യോപകരണങ്ങൾ വരെ ഉപയോഗത്തിലുണ്ട്. ഇവ വഴി വിവരസംപ്രേഷണം സാധ്യവുമാണ്. ഇതിനെല്ലാമുപരി ആദ്യപരീക്ഷയിൽ സംഭവിച്ച ക്രമക്കേട് ഈ വഴിക്കായിരുന്നു എന്ന് സംശയിക്കപ്പെടുന്നുമുണ്ട്. ഇതെല്ലാം നിമിത്തമാണ് പരീക്ഷാമേധാവികൾ പരീക്ഷാഹോളിൽ ശിരോവസ്ത്രങ്ങൾ അനുവദിക്കാതിരുന്നത്.

ലക്ഷക്കണക്കിനു പരീക്ഷാർത്ഥികൾ പങ്കെടുക്കുന്ന ഒരു പരീക്ഷ ക്യാൻസൽ ചെയ്ത് മറ്റൊന്നു നടത്തുക എത്രമാത്രം പാഴ്ച്ചെലവു വരുന്നതും ശ്രമകരവുമാണെന്നു തിരിച്ചറിയണം. അതിനു പുറമേ കുട്ടികൾ നടത്തേണ്ടി വരുന്ന വ്യഥാദ്ധ്വാനത്തിനും സഹിക്കേണ്ടി വരുന്ന ക്ലേശങ്ങൾക്കും ആരാണ് പരിഹാരം നൽകുക!

ഒരു പരീക്ഷ വേണ്ടവിധം നടത്തപ്പെടുമ്പോൾ പല കർശന നടപടികളും സ്വീകരിക്കേണ്ടതായി വരും. അക്കൂട്ടത്തിൽ പരീക്ഷാർത്ഥികളുടെ ചില സ്വാതന്ത്ര്യങ്ങൾക്ക് നിയന്ത്രണം വരുത്തേണ്ടതായും വരും. അതിനു ദുർവ്യാഖ്യാനങ്ങൾ നല്കി പരീക്ഷാ നടത്തിപ്പ് അലങ്കോലപ്പെടുത്തുന്നതു ശരിയല്ല.

വീണ്ടും നടത്തപ്പെട്ട പ്രസ്തുത പരീക്ഷയിൽ ശിരോവസ്ത്രം നിരോധിക്കപ്പെട്ടിരുന്ന കാര്യം ബന്ധപ്പെട്ട എല്ലാവരെയും മുൻകൂട്ടി അറിയിച്ചിരുന്നതുമാണ്. അതനുസരിച്ച് പരീക്ഷാർത്ഥികൾക്ക് നിർദ്ദേശവും അനുവാദവും കൊടുക്കാൻ രക്ഷാകർത്താക്കളും മതാധികാരികളും വിവേകം കാണിക്കേണ്ടതായിരുന്നു. പരീക്ഷയുടെ ഫലപ്രദമായ നടത്തിപ്പിനു വേണ്ടി മൂന്നുമണിക്കൂർ

**EDITORIAL BOARD**

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**സഹകരിക്കൂ** ........ 1

**ശിക്ഷ കുറ്റവാളിയുടെ പരിവർത്തനത്തിന്** ........ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**പ്രവചനവും പ്രവാചകനും** ........ 7
ഫാ. എബ്രാഹാം കാരാമ്മേൽ

**പ്രമേഹരോഗ സൗഖ്യത്തിനുള്ള ശസ്ത്രക്രിയ അംഗീകാരം നേടുന്നു** ........ 9
വി.പി.

**അനുഭവങ്ങൾ,വീക്ഷണങ്ങൾ, വിശദീകരണങ്ങൾ** ........ 10
ഫാ. എബ്രാഹാം കാരാമ്മേൽ

**മദ്ധ്യകാല സഭാചരിത്രത്തിൽ പാശ്ചാത്യ-പൗരസ്ത്യസഭകളുടെ അവസ്ഥ-ഒരന്വേഷണം** ........ 12
ഫാ. ഡോ. തോംസൺ റോബി

**വാർത്തകൾ, അറിയിപ്പുകൾ** ........ 16

സമയത്തേക്ക് ശിരോവസ്ത്രം മാറ്റിവയ്ക്കുന്നത് വിശ്വാസ ലംഘനമാവില്ലെന്ന് കോടതി വ്യക്തമാക്കിയിരുന്നതുമാണ്. ളോഹധരിക്കാതെ വൈദീകർ വൈകുന്നേര/പ്രഭാത നടത്തവും ബസ് യാത്രയുമെല്ലാം നടത്തുക ഇന്ന് സാധാരണമാണ്. തട്ടം മാറ്റി വച്ച് മുസ്ലീം വിദ്യാർത്ഥിനികൾ ആൺവേഷം കെട്ടി യുവജനോത്സവങ്ങളിലും മറ്റും നാടകം അഭിനയിക്കാറുണ്ട്. പിന്നെങ്ങനെയാണ് പരീക്ഷാഹാളിൽ ശിരോവസ്ത്രം അനുവദിക്കാതിരുന്നത് അതിരു കടന്ന അവകാശധ്വംസമാകുന്നത്?

പരീക്ഷാ ഹാളിൽ ശിരോവസ്ത്രം അനുവദിക്കാതിരുന്നത് മുസ്ലീംങ്ങളെയും ക്രിസ്ത്യാനികളെയും മാത്രം ബാധിക്കുന്ന വിലക്കായിട്ടാണ് അവരിൽ അധികം പേരും മനസ്സിലാക്കിയിരുന്നത്. എന്നാൽ ഭൂരിപക്ഷക്കാരായ ഹിന്ദുക്കളിൽ അനേക വിഭാഗങ്ങൾ ശിരോവസ്ത്രം ധരിക്കുന്നവരാണ്. അവരെ ഒഴിവാക്കിക്കൊണ്ടല്ല ഈ നിഷ്ക്കർഷ വച്ചിട്ടുള്ളത്. അതുകൊണ്ട് ഇതിനെ ഒരു ന്യൂനപക്ഷ അവഹേളനമോ, ദ്രോഹമോ ആയി ഒരിക്കലും വ്യാഖ്യാനിക്കാനാവില്ല.

പൊതുപരീക്ഷപോലെയുള്ള ഒരു സംരംഭം കർശനവും കാര്യക്ഷമവുമായി നടത്തുന്നതിന് സർവ്വാത്മനാ സഹകരിക്കേണ്ടത് എല്ലാ ജനവിഭാഗങ്ങളുടെയും ചുമതലയാണ്. പരീക്ഷാവിലക്കുകളെ അതിന്റെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ കണ്ട് പിന്തുണക്കേണ്ടതാണ്. ഇത്ര ബൃഹത്തായ ഒരു പരീക്ഷ മൂന്നാമതും നടത്തേണ്ടതായി വന്നാൽ അതുണ്ടാക്കുന്ന പാഴ്ച്ചെലവും സമയനഷ്ടവും ക്ലേശങ്ങളും അപരിഹാര്യങ്ങളാണ്. ഇതൊന്നും മനസ്സിലാക്കാതെ പ്രതികരിക്കുന്നത് അസഹിഷ്ണുതയുടെ ലക്ഷണമായേ ജനം കാണുകയുള്ളു. ശിരോവസ്ത്രധാരികളിൽ നിന്ന് പരീക്ഷാക്രമക്കേട് ഒരിക്കലും സംഭവിക്കുകയില്ലെന്ന് ഉറപ്പിക്കാൻ കഴിയുന്ന വിശ്വാസ്യതയൊന്നും ഇവിടത്തെ മതന്യൂനപക്ഷങ്ങളായ മുസ്ലീംങ്ങൾക്കോ ക്രിസ്ത്യാനികൾക്കോ അവകാശപ്പെടാനുമില്ല. ബാലിശമായ കാര്യങ്ങളെ ചൊല്ലിയുള്ള ആശങ്കയും പ്രതിക്ഷേധവുമെല്ലാം മഹാഭൂരിപക്ഷത്തിന്റെ അനിഷ്ടത്തെ ക്ഷണിച്ചു വരുത്തുകയേയുള്ളു. ഇക്കാര്യം ഇവിടെ തുറന്നെഴുതുന്നത് മെഡിക്കൽ എൻട്രൻസ് പരീക്ഷക്കാര്യം മാത്രം മനസ്സിൽ വച്ചുകൊണ്ടല്ല, രാജ്യതാല്പര്യങ്ങളെ മതതാല്പര്യങ്ങളെക്കാൾ പ്രാധാന്യമായി കാണാൻ ഇവിടത്തെ മതനുയായികൾ ശ്രദ്ധിക്കേണ്ടതാണ്.

എന്നാൽ ഒരു കാര്യം അറിയാനിടയായി. തിരുവനന്തപുരത്ത് കന്യാസ്ത്രീയെ പരീക്ഷയെഴുതാൻ അനുവദിച്ചില്ല. എന്നാൽ കോഴിക്കോട്ട് കർശനമായ പരിശോധനക്കു ശേഷം ശിരോവസ്ത്രത്തോടെ പരീക്ഷയെഴുതാൻ അനുവദിച്ചു പോലും! ഇതു സംഭവിക്കാൻ പാടില്ലായിരുന്നു.

**വാൽക്കഷണം**

L. L. M. പരീക്ഷയെഴുതിയ പൊലീസ് ഐ.ജി. കോപ്പിയടിച്ചതിനു പിടിക്കപ്പെട്ട സംഭവം സംബന്ധിച്ച കേസു നടക്കുകയാണ്. ഇക്കാര്യം അന്വേഷിച്ച കമ്മീഷൻ റിപ്പോർട്ടിന്റെ ചുരുക്കം പത്രത്തിൽ വായിച്ചപ്പോൾ ഉറക്കെ ചിരിച്ചുപോയി. റിപ്പോർട്ടിങ്ങനെ. ''അദ്ദേഹം (ഐ.ജി.) ഉത്തരങ്ങൾ കോപ്പി ചെയ്തിരിക്കാൻ ഇടയില്ല. കാരണം അദ്ദേഹത്തിന്റെ ഉത്തരങ്ങളിൽ അത്രമാത്രം തെറ്റുകളുണ്ടായിരുന്നു.'' അപ്പോൾ ഒരു കാര്യം കൂടി വ്യക്തമായി അദ്ദേഹം ഇതിനു മുമ്പ് കടന്നുകൂടിയ പരീക്ഷകളെല്ലാം കോപ്പിയടിച്ചായിരിക്കണം ജയിച്ചത്!

മെത്രാപ്പോലീത്തായുടെ കത്ത്

# ശിക്ഷ കുറ്റവാളിയുടെ പരിവർത്തനത്തിന്

ഇൻഡ്യയിൽ വധശിക്ഷ നിലവിലുണ്ട്. എന്നാൽ അത്യപൂർവ്വങ്ങളായ കുറ്റകൃത്യങ്ങൾക്കുമാത്രമെ അതു നൽകാറുള്ളൂ. അതിനീചവും ഭീകരവുമായ നരഹത്യ, ബലാൽസംഗത്തെ തുടർന്നു കൊലപാതകം, രാജ്യദ്രോഹം മുതലായവയ്ക്കാണ് വധ ശിക്ഷ വിധിക്കുകയും നടപ്പിലാക്കുകയും ചെയ്യാറുള്ളത്. ഇവയൊന്നും ക്ഷന്തവ്യമായ അക്രമങ്ങൾ എന്നു പറയാനാവില്ല. എന്നാൽ തൂക്കുകയറാണ് ഇവയ്ക്കുള്ള പ്രതിവിധി എന്നു ബോധ്യപ്പെടുന്നുമില്ല. വധശിക്ഷ നടപ്പിലാക്കുന്നത് സങ്കീർണ്ണമായ ഒരു വിഷയമായിട്ടാണ് എനിക്കെന്നും തോന്നിയിട്ടുള്ളത്. സഭ വധശിക്ഷയുടെ കാര്യത്തിൽ ഒരഭിപ്രായം എന്നെങ്കിലും രൂപീകരിച്ചിട്ടുള്ളതായി അറിയില്ല. എന്നാൽ ഈ വിഷയം സംബന്ധിച്ച് പഠനവും ചർച്ചയും നിലപാടെടുക്കലും സഭയിൽ നടക്കേണ്ടതാണ്. അതിൽ അടങ്ങിയിരിക്കുന്ന മാനുഷിക-ധാർമ്മിക-നിയമ പരിഗണനകൾ വിലയിരുത്തി വേണം ഒരു ക്രിസ്തീയ പ്രതികരണം ഉണ്ടാകുന്നത്. പൊതുജനവികാരവും നിലവിലുള്ള ധാരണകളും ആകരുത് ഈ വിഷയത്തിൽ സഭയുടെ നിലപാടിന് അടിസ്ഥാനം.

ഈ കത്തെഴുതുന്നത് ഒരു പ്രത്യേക പശ്ചാത്തലത്തിലാണ്. 1993-ൽ മുംബായ് കൂട്ടക്കൊല ആസൂത്രണം ചെയ്തു നടപ്പിലാക്കിയ സംഘത്തിലെ ഒരു പ്രധാന പ്രതിയായ യാക്കൂബ് മേമനെ 2015 ജൂലായ് 30 പ്രഭാതത്തിൽ തൂക്കി കൊല്ലാൻ കോടതി അന്തിമ വിധി നൽകുകയും ആ വിധി നടപ്പിലാക്കപ്പെടുകയും ചെയ്ത സാഹചര്യത്തിലാണിത്. പ്രതിയുടെ അപ്പീൽ കോടതി പരിഗണിച്ചതിൽ സാങ്കേതിക പിഴവുകൾ വന്നിണ്ടുണ്ടെന്ന തർക്കം നിലനിൽക്കുന്നു. തൂക്കികൊലയുടെ തീയതി നിശ്ചയിക്കുന്നത് നിയമപരമായി പ്രതിക്ക് ശിക്ഷാവിധിയിൽ നിന്നുള്ള ഇളവു സാധ്യതകൾ എല്ലാം അവസാനിച്ച ശേഷമായിരിക്കണം. അതെല്ലാം തീരുമാനിക്കുന്നതിനു മുമ്പ് തൂക്കികൊലയുടെ തീയതി തീരുമാനിച്ച് നടപടികളിലേക്ക് നീങ്ങിയത് ശരിയായില്ല എന്ന നിയമപ്രശ്നവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. മേമന്റെ തിരുത്തൽ ഹർജി തള്ളിയത് നടപടിക്രമം പൂർണ്ണമായും പൂർത്തിയാക്കിയല്ല എന്ന് ജസ്റ്റീസ് കുര്യൻ ജോസഫ് ഉത്തരവിടുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് വിഷയം കേൾക്കാൻ ചീഫ് ജസ്റ്റിസ് പുതിയ മൂന്നംഗബഞ്ച് സൃഷ്ടിച്ചത്. അതായത് വധശിക്ഷ നടപ്പാക്കുന്ന പ്രക്രിയയിൽ വേണ്ടത്ര നിയമസംരക്ഷണം പ്രതിക്ക് കിട്ടിയില്ല എന്നതാണ് ജസ്റ്റിസ് കുര്യൻ ജോസഫിന്റെ പ്രതികരണം. വിധി പറഞ്ഞതിലും നടപ്പിലാക്കിയതിലും വേണ്ടത്ര നിയമപാലനം ഉണ്ടായില്ല എന്ന ആരോപണവുമായി സുപ്രീം കോടതിയിലെ ഉന്നതോദ്യോഗസ്ഥൻ രാജിവച്ചതും (ഈ വാർത്ത സുപ്രീം കോടതി നിഷേധിച്ചിട്ടുണ്ട്) ഈ തൂക്കിലേറ്റൽ കോടതിയിൽ എന്തൊക്കെയോ അസ്വസ്ഥതകൾ സൃഷ്ടിച്ചു എന്നു വ്യക്തമാക്കുന്നു.

അതുകൊണ്ട് ശിക്ഷകൾ പ്രത്യേകിച്ചും വധശിക്ഷ- നടപ്പിലാക്കുന്നത് സംബന്ധിച്ച് ഗൗരവമായ വാദങ്ങളും ചർച്ചകളും നടക്കേണ്ടതുണ്ട്. നിയമസംഹിതയും അവയെ അടിസ്ഥാനമാക്കിയുള്ള വിധിപ്രസ്താവനയും അതു നടപ്പിലാക്കലുമൊന്നും ഇല്ലാതിരുന്ന കാലത്തും കുറ്റകൃത്യങ്ങൾ നടന്നിട്ടുണ്ട്. അവയ്ക്കിരയാകുന്നവർ അവരുടെ ശക്ത്യാനുസരണം തിരിച്ചടിക്കാനും ശ്രമിച്ചിരുന്നു. ദുർബലരും പ്രതികാരം ശരിയല്ല എന്നു കരുതിയവരും ക്ഷമ പാലിക്കുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ സാഹചര്യം ക്രമേണ മാറി. കുറ്റവാളികള ശിക്ഷിക്കുക എന്നത് സമൂഹത്തിന്റെ ബാധ്യതയായി. അക്രമ വിധേയർക്ക് നീതിലഭ്യത അവരുടെ പ്രഹരശേഷിയുടേയോ, അധികാരബന്ധത്തിന്റെയോ, സാമ്പത്തികശേഷിയുടെയോ അടിസ്ഥാനത്തിലാകരുത്. പിന്നെയോ നിയമത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന ചിന്തയുണ്ടായി. അങ്ങനെ വ്യക്തിയുടെ നിയമപരമായ അടിസ്ഥാനാവകാശങ്ങൾ നിലനിർത്തുവാൻ ബാധ്യതയുള്ള സമൂഹവും നിയമ-അധികാര ക്രമീകരണങ്ങളും നിലവിൽ വന്നു. അതോടെ കുറ്റ കൃത്യങ്ങളുടെ ഗൗരവം, സ്വഭാവം അവ സൃഷ്ടിക്കുന്ന നിയമലംഘനത്തിന്റെ തോത് എന്നിവ പരിഗണിച്ച് ശിക്ഷാവിധി ഉണ്ടാവുകയും അതു നടപ്പിലാക്കുകയും ചെയ്യുന്ന സംവിധാനം ഉണ്ടായി. അവിടെ കുറ്റകൃത്യം ചെയ്തതായി ആരോപിക്കപ്പെടുന്ന വ്യക്തിയുടെയും നിയമപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടാനുമാവില്ല. അതിന്റെ അടിസ്ഥാനത്തിലാണ് ജ. കുര്യൻ ജോസഫ്, യാക്കൂബ് മേമന്റെ ഹർജി പരിഗണിച്ചതിൽ ക്രമക്കേടുകൾ ഉണ്ടെന്ന് നിരീക്ഷിച്ചത്. നിയമാവകാശങ്ങൾ വാദിക്കും പ്രതിക്കുമുണ്ടെന്ന് സമൂഹം മറക്കരുത്. എന്നാൽ ഇതു സംബന്ധിച്ച് വാർത്താ മാധ്യമങ്ങളിൽ വിഷയം റിപ്പോർട്ടു ചെയ്തതല്ലാതെ വേണ്ടത്ര ഊന്നൽ നൽകികൊണ്ടുള്ള പ്രതികരണത്തിനോ ചർച്ചകൾക്കോ അവർ തയ്യാറായി കണ്ടില്ല. സഭകൾ, മത-രാഷ്ട്രീയ-സാംസ്കാരിക പ്രസ്ഥാനങ്ങൾ എന്നിവയെല്ലാം മൗനം പാലിച്ചു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രമാണ് കുറ്റാരോപിതന്റെ നിയമാവകാശങ്ങൾ അവഗണിച്ചും മറ്റു പല ഘടകങ്ങൾ പരിഗണിച്ചും ശിക്ഷാനടപടികൾ പൂർത്തിയാക്കുന്നതിൽ ദുരൂഹതയുണ്ടെന്നും ഇത്തരത്തിൽ

ശിക്ഷാ നടപടികൾ നടപ്പിലാക്കുന്ന രീതി ശരിയല്ലെന്നും കാണിച്ച് കുറിപ്പ് പുറത്തിറക്കുവാൻ തയ്യാറായത്. ഏതായാലും വധശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാരീതികളെകുറിച്ച് ചർച്ചകൾ ഉണ്ടാകാൻ പറ്റിയ ഒരു സാഹചര്യം സൃഷ്ടിക്കുവാൻ ഇത് ഇടവരുത്തിയിട്ടുണ്ട്. മേൽപറഞ്ഞ വധശിക്ഷയും അതിനോടു ബന്ധപ്പെട്ട കാര്യങ്ങളും ഒരു ഒറ്റപ്പെട്ട സംഗതിയായി കണക്കാക്കേണ്ടതില്ല.

എന്തുകൊണ്ടാണ് കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നത്? ഉണ്ടായാൽ ശരിയായ പരിഹാരം എന്താണ്? വധശിക്ഷ പോലുള്ള അറ്റശിക്ഷകൾ എന്തിന്? അവ കുറ്റകൃത്യങ്ങൾക്ക് എത്രമാത്രം പരിഹാരമാകും? ശിക്ഷയുടെ യഥാർത്ഥ ലക്ഷ്യം എന്തായിരിക്കണം? എന്നെല്ലാം മുൻകാലങ്ങളിൽ മനുഷ്യൻ ചിന്തിച്ചിട്ടുണ്ട്. മതനിന്ദയുടെ പേരിൽപോലും ചില രാജ്യങ്ങളിൽ വധശിക്ഷ നൽകുന്നുണ്ട്. അതായത് വധശിക്ഷയ്ക്ക് വ്യക്തമായ അടിസ്ഥാനം പോലും നിർണയിക്കപ്പെട്ടിട്ടില്ല എന്നതാണ് വസ്തുത. അതു ചർച്ചയാകാറുമില്ല. വധശിക്ഷയുടെ ആത്യന്തിക ലക്ഷ്യമെന്താണെന്നും, അതുവഴി ഉദ്ദേശിക്കുന്ന ലക്ഷ്യം സാധ്യമാകുന്നുണ്ടോ എന്നും ശിക്ഷാ നിയമം ധാർമ്മികവും മനുഷ്യത്വപരവും ആണോയെന്നുമെല്ലാം തുറന്ന ചർച്ചയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളാണ്. ഏതാനും വർഷങ്ങൾക്കു മുമ്പ് പെരുമ്പാവൂർ പട്ടണ മദ്ധ്യത്തിൽ നടന്ന മലങ്കര വർഗീസ് കൊലപാതകത്തിൽ വാടക കൊലയാളികൾ പ്രതികളാവുകയും ജയിലിൽ അയ്ക്കപ്പെടുകയുമുണ്ടായി. എന്നാൽ യഥാർത്ഥ കുറ്റക്കാർ സ്വതന്ത്രരായി നടക്കുന്നു. കൊല്ലിച്ചവർ പിടിയിലാകാതിരിക്കാൻ പൊലീസും ഭരണ കർത്താക്കളും ചേർന്ന് അന്വേഷണം വഴിമുട്ടിക്കുകയും തകിടംമറിക്കുകയുമാണ് ഉണ്ടായതെന്ന് ജനത്തിനറിയാം. ഇത്തരം കുറ്റകൃത്യങ്ങളിൽ ശരിയായ കുറ്റവാളികളാണോ ശിക്ഷയേൽക്കേണ്ടിവരുന്നതെന്ന് അവധാനപൂർവ്വം ചിന്തിക്കപ്പെടേണ്ട കാര്യമാണ്. കുറ്റകൃത്യങ്ങൾ തെളിവു ലഭിക്കാത്ത വിധം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നവർ, അതു ചെയ്തശേഷം പിടിയിലാകാതെ ഒളിവിൽ പോകുന്നവർ, ഭരണ കർത്താക്കൾ, പൊലീസ് എന്നിവരുടെ സംരക്ഷണം കിട്ടുന്നവർ, പ്രാപ്തരായ അഭിഭാഷകരുടെ സേവനം ലഭിക്കുന്നവർ എന്നിവരെല്ലാം പലപ്പോഴും രക്ഷപ്പെടുന്നു. അതുകൊണ്ട് കുറ്റം, ശിക്ഷ എന്നിവ സംബന്ധിച്ച് ആക്ഷേപ രഹിതമായ നിഗമനങ്ങളിൽ എത്തിച്ചേരേണ്ടതുണ്ട്. യഹൂദ സമൂഹം ജനത്തിന് നിയമാവകാശങ്ങൾ കല്പിച്ചിരുന്നു. ന്യായപ്രമാണമായിരുന്നു അവരുടെ നിയമസംഹിത. അവർ കുറ്റക്കാർക്ക് വധശിക്ഷയുൾപ്പെടെയുള്ള ശിക്ഷകൾ നൽകിയിരുന്നു. എന്നാൽ 'ശിക്ഷ' എന്ന പദം ന്യായപ്രമാണത്തിൽ പ്രയോഗിച്ചു കാണുന്നില്ല. ദൈവം നീതിമാനാണ്. ആ നീതി ദൈവജനത്തിന്റെ ജീവിതത്തിലും ഇടപെടലിലുമെല്ലാം പ്രതിഫലിക്കണം. എന്നാണ് യഹൂദ നിയമസംഹിതയുടെ താത്പര്യം. അതുകൊണ്ട് കുറ്റകൃത്യങ്ങൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന ലംഘനം പരിഗണിച്ച് നീതി പു:നസ്ഥാപിക്കപ്പെടുന്നത്. കുറ്റവാളിക്ക് തത്തുല്യമായ പീഡനം ഉണ്ടാകുമ്പോഴാണ്. 'കണ്ണിനു പകരം കണ്ണ് പല്ലിനു പകരം പല്ല്' എന്നത് പ്രതികാര നീതിയല്ല. മറിച്ച് അനീതി പരിഹാര പ്രക്രിയയാണ്. അത് ശിക്ഷയായി അവർ പരിഗണിക്കുന്നില്ല. അതുകൊണ്ട് കൊലകുറ്റത്തിന് പിഴപണം വാങ്ങി നീതി നടപ്പാക്കുവാനും കഴിയില്ല. ഇരയ്ക്ക് നേരിട്ട നഷ്ടം അത് വരുത്തിക്കൂട്ടിയവർക്ക് സംഭവിക്കുമ്പോഴാണ് സമൂഹത്തിൽ നീതി പുനഃസ്ഥാപിക്കപ്പെടുന്നത്. അങ്ങനെയാണ് നീതിമാനായ ദൈവത്തിന്റെ നീതിബോധത്തിന് ഉണ്ടായ ക്ഷതം സൗഖ്യപ്പെടുന്നത്. അതായത് നഷ്ടമാക്കിയ പണത്തിനു പകരം പണം; അവയവത്തിനു പകരം അവയവം, ജീവനു പകരം ജീവൻ എന്നിവ പ്രതിക്കു നഷ്ടമാകുമ്പോൾ നീതിയുടെ പുന:സ്ഥാപനം നടക്കുന്നു എന്നാണ് യഹൂദചിന്ത. ദൈവനീതിക്കുണ്ടായ മുറിവ് പരിഹരിക്കുന്നതിനുള്ള ഉപാധിയാണ് യഥാർത്ഥത്തിൽ എബ്രായ ചിന്തയിൽ പ്രതിക്ക് സംഭവിക്കുന്ന തത്തുല്യമായ നഷ്ടം വരുത്തൽ. ഭാരതീയ ദർശനത്തിലെ ധർമ്മ പരിപാലനത്തിന് ഇതിനോട് ചില സമാനതകൾ ഉണ്ട്. ഇവിടെ സൃഷ്ടിയിൽ താളം (ക്രമീകരണം) ഭംഗപ്പെടുത്തുന്നതാണ് അധർമ്മം. ആ ക്രമീകരണത്തിനേൽക്കുന്ന ക്ഷതമാണ് കുറ്റകൃത്യം. ഇവിടെ ധർമ്മം എന്നത് എബ്രായ പാരമ്പര്യത്തിലെ നീതിയുമായി പൊരുത്തപ്പെടുന്നില്ല. മനുഷ്യൻ തന്റെ ജാതിധർമ്മത്തിന്റെ അതിർത്തി ലംഘിച്ചാലും കുറ്റക്കാരനായി പരിഗണിക്കപ്പെടും. ധർമ്മം ഓരോരുവനും വ്യത്യസ്തമാണ്. അവിടെ കുലധർമ്മവും, വർണ്ണ ധർമ്മവുമെല്ലാമുണ്ട്. അക്രമം മൂലം ക്ഷതമേൽക്കുന്നത് ഈ ധർമ്മ സംവിധാനത്തിനാണ്. എബ്രായ ചിന്തയിൽ ഇതു സംഭവിക്കുന്നത് നീതിമാനായ ദൈവത്തിനു തന്നെയാണ്. മനുവിന്റെ ധർമ്മ സങ്കല്പവും എബ്രായ ന്യായപ്രമാണവും താരതമ്യം ചെയ്താൽ വ്യത്യാസം വ്യക്തമാകും.

എന്നാൽ യേശുവിന്റെ ദൈവരാജ്യ സങ്കല്പത്തിൽ ശിക്ഷയില്ല; പ്രതിക്രിയയുമില്ല. പീഡനം സഹിച്ച് ഉപദ്രവിക്കുന്നവരെ പരിവർത്തനപ്പെടുത്തുകയാണ് ഇവിടെ നീതി. തെറ്റു ചെയ്ത മനുഷ്യനുവേണ്ടി ദൈവപുത്രൻ സഹനം ഏറ്റെടുക്കുന്നു. തനിക്ക് വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന മറിയാം ഗർഭിണിയാണെന്നറിഞ്ഞ ശേഷവും അവളെ ഉപേക്ഷിക്കാതെ സംരക്ഷണ ചുമതല യൗസേഫ് ഏറ്റെടുത്തതിനാൽ അദ്ദേഹം നീതിമാൻ എന്നറിയപ്പെടുന്നു. ശിക്ഷാധികാരത്തോടുകൂടിയ ശിഷ്യസമൂഹത്തെപ്പറ്റി സുവിശേഷത്തിലില്ല. തെറ്റു ചെയ്തവർ ശിക്ഷിക്കപ്പെടുന്നത് അന്ത്യന്യായവിധിയുടെ സമയത്താണ്. അവിടെ അനീതിയാകട്ടെ ചെറിയവനെ അവഗണിച്ചതാണത്രെ. ശിഷ്യസമൂഹം ക്രൈ

സ്തവ രാഷ്ട്രമായപ്പോൾ ഉണ്ടാക്കിയ ശിക്ഷാസംഹിതകൾ സുവിശേഷത്തിൽ വിഷയമല്ല. നീതിയും സ്നേഹവും സമാധാനവും പുലരുന്ന ഒരു ബദൽ സമൂഹത്തെപ്പറ്റിയുള്ള ചിന്തയാണ് യേശുവിന്റെ ദൈവരാജ്യ സങ്കല്പം. അവിടെ ശിക്ഷയും പ്രതികാരനീതിയുമില്ല. ശിക്ഷയും പ്രതികാരവും അപ്രസക്തമാണ്.

കുറ്റവും ശിക്ഷയും സംബന്ധിച്ച് താത്വികമായി ചർച്ചകൾ നടന്നത് പ്രബുദ്ധതാ (Enlightenment) കാലഘട്ടത്തോടെയാണ്. എന്തിനാണ് ശിക്ഷ എന്നതിനെകുറിച്ച് ഗൗരവമായ ചർച്ചകൾ ആരംഭിച്ചത് 18-ാം നൂറ്റാണ്ടു മുതൽക്കാണ്. കുറ്റവാളി ഏൽപിച്ചിരിക്കുന്ന ക്ഷതത്തിന് ആ വ്യക്തിയുടെ സ്വതന്ത്രത (autonomy) ഉത്തരവാദിയാണ്. അതുകൊണ്ട് അയാൾ ശിക്ഷിക്കപ്പെടണമെന്നത് നീതി സമൂഹത്തിന്റെ ആവശ്യമാണ്. ഇവിടെ ശിക്ഷ എന്നത് പ്രതികാര നീതിപാലനം ആണ്. വ്യക്തിക്കോ, സമൂഹത്തിനോ, രാഷ്ട്രത്തിനോ എതിരായി അവകാശധ്വംസനം നടത്തി നിയമം ലംഘിച്ചയാൾ നിയമാനുസൃത പീഡനത്തിന് അർഹനാണ്. ഇമ്മാനുവേൽ കാന്റ് അതുകൊണ്ടാണ് ശിക്ഷയുടെ അനിവാര്യത ഊന്നിപ്പറയുന്നത്. ശിക്ഷാക്രമം അനുശാസിക്കുന്ന മനുഷ്യന്റെ സാമൂഹ്യ നിലനിൽപിനുവേണ്ടി കുറ്റം ചെയ്തവർ ശിക്ഷ അനുഭവിച്ചേ തീരൂ എന്നതാണ് ഈ ചിന്തയുടെ സങ്കേതം.

എന്നാൽ ചെയ്തു പോയ കുറ്റത്തിന് പ്രതികാരം ചെയ്യുന്നത് ശിക്ഷയുടെ ലക്ഷ്യമെങ്കിൽ അത് പ്രാകൃതമായ നിലപാടാണ് എന്ന് ചിന്തിക്കുന്ന പ്രായോഗിക ചിന്തകരും പ്രബുദ്ധതാ കാലഘട്ടത്ത് ഉണ്ടായിരുന്നു. ജെർമി ബെന്താൻ (1748-1832) വില്യം വാലെ (1743-1805) മുതലായവർ ശിക്ഷാ നിയമം അംഗീകരിക്കുന്നവരാണ്. എന്നാൽ അത് മറ്റൊരടിസ്ഥാനത്തിലാണ് എന്നുമാത്രം. ചെയ്തു പോയ കുറ്റത്തിന് പിന്നീട് ശിക്ഷിച്ചിട്ടു കാര്യമില്ല എന്ന് അവർ ചിന്തിക്കുന്നു. ഭൂതകാല ചെയ്തിയുടെ അടിസ്ഥാനത്തിൽ ഒരാളെ ശിക്ഷിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനമെന്നാണ് അവർ ചോദിക്കുന്നത്. അതുകൊണ്ട് സംഭവിച്ചത് പരിഹൃതമാകുന്നില്ല. അങ്ങനെ ശിക്ഷ വെറും പ്രതികാരം മാത്രമായി പരിണമിക്കുന്നു. എന്നാൽ ശിക്ഷ ഭാവിയിൽ കുറ്റകൃത്യങ്ങൾക്ക് തടയിടാൻ സഹായിക്കുമെന്ന് അവർ ചിന്തിക്കുന്നു. അതായത് കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നതും പെരുകുന്നതും നിയന്ത്രിക്കാൻ സഹായിക്കുന്ന ഘടകമായി ശിക്ഷയെ ഇവർ വിലയിരുത്തുന്നു. ഇവിടെ ശിക്ഷയ്ക്കു സാധൂകരണം ഭാവിയിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കാൻ സഹായകമായ ഉപാധി എന്ന നിലയിലാണ്. അതുകൊണ്ട് ശിക്ഷകൾ പരസ്യമായും പരസ്യപ്പെടുത്തിയും നടത്തുകയാണ് വേണ്ടതെന്നാണ് അവരുടെ നിലപാട്. ശിക്ഷകൾ നടത്തുന്നത് സമൂഹം അറിഞ്ഞാകണം. അത് അറിയുകയും കാണുകയും ചെയ്യുന്നവരിലുണ്ടാകുന്ന തിരിച്ചറിവും പേടിയും ഭാവിയിൽ സമൂഹത്തിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കുമത്രേ.

ഭാവിയിൽ കുറ്റകൃത്യങ്ങൾ കുറയുമെന്ന പ്രതീക്ഷയിൽ ഇപ്പോഴത്തെ കുറ്റവാളികളെ കൊലമരത്തിലേറ്റുന്നതിന് സാധൂകരണമെന്ത് എന്നൊരു ചോദ്യം ഇവിടെ പ്രസക്തമാണ്. ചെയ്ത കുറ്റത്തിന് ശിക്ഷ പരിഹാരമല്ലെങ്കിൽ നാളത്തെ കുറ്റകൃത്യങ്ങൾ തടയുന്നതിന് ശിക്ഷിക്കുന്നതിന് എന്ത് നീതീകരണം എന്ന ചോദ്യത്തിന് ഇവിടെ ഉത്തരം കാണേണ്ടിവരുന്നു. മാത്രമല്ല, അങ്ങനെയൊരു തടയൽസാധ്യത അത്രയൊന്നും ഫലപ്രദമല്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്ന സാഹചര്യത്തിൽ എന്ത് അടിസ്ഥാനത്തിൽ വധശിക്ഷ നൽകുന്നുവെന്നതിനും വിശദീകരണം നൽകേണ്ടിവരുന്നു.

ചെയ്ത കുറ്റത്തിന് വധശിക്ഷ പോലുള്ള അറ്റ നടപടികൾ പ്രാകൃതമായ പ്രതികാരമാണ് എന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷയെ നിരാകരിക്കുന്നവർ, ഭാവിയിലെ കുറ്റകൃത്യങ്ങൾ തടയാനെന്ന പേരിൽ അതിനെ പിന്തുണയ്ക്കുന്നവർ, എന്നിവരൊക്കെ വധശിക്ഷയെ ഫലത്തിൽ സാധൂകരിക്കുക തന്നെയാണ് ചെയ്യുന്നത്. വധശിക്ഷയെ ഇരു കൂട്ടരും അംഗീകരിക്കുന്ന അടിസ്ഥാനത്തിനു മാത്രമാണ് വ്യത്യാസം. കുറ്റകൃത്യത്തിൽ പ്രതിയാകുന്ന വ്യക്തിയെ മാത്രം കുറ്റവാളി എന്നുറപ്പിച്ച് വധശിക്ഷ നൽകുന്നതിലും അപാകതയില്ലേ? ഭാവി നന്നാകുമെന്ന കണക്കുകൂട്ടലിൽ സംഹാരശിക്ഷ നൽകുന്നതും കടുംകൈ അല്ലേ? ഇത്തരം ചോദ്യങ്ങൾക്കുള്ള മറുപടിയും തൃപ്തികരമായി തോന്നുന്നില്ല. ആഡംസ് സ്മിത്ത് എന്ന ധനശാസ്ത്രജ്ഞൻ ആധുനിക മനുഷ്യ സമൂഹത്തെ വാണിജ്യ സമൂഹമായി വിലയിരുത്തുന്നു. വ്യക്തിയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് ലാഭനഷ്ടങ്ങളാണ്. കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് സാമ്പത്തിക നഷ്ടം വരുത്തുമെന്ന ഭീതി ഉണ്ടായാൽ അതിൽ നിന്നൊക്കെ മനുഷ്യൻ വിട്ടുനിൽക്കുമെന്ന് അദ്ദേഹം ചിന്തിക്കുന്നു. അതുകൊണ്ട് വധശിക്ഷ പോലെയുള്ള കഠിന ശിക്ഷകൾ ഒഴിവാക്കി തടവിനൊപ്പം കുറ്റവാളികൾക്ക് കനത്ത പിഴശിക്ഷ നൽകിയാൽ ചെയ്ത തെറ്റിന് ശിക്ഷയും പീഡനം സഹിച്ചവർക്ക് ആശ്വാസകരമായ നഷ്ടപരിഹാരവുംലഭിക്കുകയും തുടർ കുറ്റ കൃത്യങ്ങൾ കുറയുകയും ചെയ്യും എന്നാണ് അദ്ദേഹത്തിന്റെ നിഗമനം. എന്നാൽ കുറ്റകൃത്യം ചെയ്ത വ്യക്തിയിൽ മനഃപരിവർത്തനം സാധ്യമാക്കുവാൻ കടുത്ത പിഴശിക്ഷ പര്യാപതമാകുന്നില്ല. എന്നതാണ് ഇതിനെതിരായ ആക്ഷേപം. മാത്രമല്ല കുറ്റവാളികൾ കനത്ത പിഴയൊടുക്കുവാൻ കഴിവുള്ളവർ ആയിരിക്കണമെന്നുമില്ല.

സമൂഹത്തിന്റെ നൈതീക ചട്ടക്കൂടുകൾ തകരുന്ന സാഹചര്യത്തിൽ അതു സൃഷ്ടിക്കുന്ന ജീർണ്ണതയും അനീതിയും നീക്കം ചെയ്ത് നീതിയുടെ സംസ്ഥാപനത്തിന് തടവ്

**ലേഖനം**

# പ്രവചനവും പ്രവാചകനും

**ഫാ. എബ്രാഹാം കാരാമ്മേൽ**

വേദപുസ്തക ചരിത്രത്തിൽ പ്രവാചകന്മാർക്ക് നിർണ്ണായകമായ സ്ഥാനമാണുള്ളത്. മതജീവിതത്തിൽ പ്രത്യേകിച്ച് സെമിറ്റിക് മതങ്ങളിൽ എക്കാലത്തും പ്രവാചകന്മാരും പ്രവചനങ്ങളും ഒരു അനിവാര്യതയായിരുന്നു. ആശയപരമായി ഈ സ്ഥാപനത്തിന്റെ രൂപത്തിലും ഉള്ളടക്കത്തിലും പരിണാമങ്ങൾ നടക്കുന്നുണ്ടെങ്കിലും വേദപുസ്തക ചരിത്രത്തിൽ അനിഷേധ്യമായ സ്ഥാനമാണ് പ്രവാചകന്മാർ അലങ്കരിക്കുന്നത്. ദൈവത്തിന്റെ അഭീഷ്ടങ്ങൾ ചരിത്രത്തിൽ പ്രഘോഷിക്കുന്നവനാണ് പ്രവാചകൻ. അതായത് ദൈവത്തിന്റെ വായും വാക്കുമാണ് പ്രവാചകൻ. പ്രവാചകൻ പുറത്തേക്ക് പറയുന്നതോ ദൈവത്തിന്റെ അരുളപ്പാടാണ്. ഇതിന് വാക്കിന്റെയും അടയാളത്തിന്റെയും നിറം ചാർത്തുന്നത് പ്രവാചകൻ എന്ന സാധാരണ മനുഷ്യൻ. അതുകൊണ്ടുതന്നെ ദൈവവും മനുഷ്യനും ഒരുമിച്ചുചേർന്ന് ഭൂമിയിൽ നടത്തുന്ന വലിയ ഇടപെടലാണ് പ്രവചനങ്ങൾ എന്ന് പറയാൻ സാധിക്കും.

പ്രവാചകന്മാരെക്കുറിച്ച് പഠിക്കുമ്പോൾ ഇന്ന് എന്നപോലെതന്നെ മുൻകാലങ്ങളിലും കള്ളപ്രവാചകന്മാർ ഉണ്ടായിരുന്നുവെന്നത് വസ്തുതയാണ്. ആരാണ് ദൈവത്തിന്റെ ശരിയായ പ്രവാചകനെന്നും ആര് പറയുന്നതാണ് ദൈവത്തിന്റെ അരുളപ്പാട് എന്നും സംബന്ധിച്ച ഭിന്നത പ്രവചനപുസ്തകങ്ങളിൽ തന്നെ കാണാൻ സാധിക്കും. താൻ ആർക്കുവേണ്ടിയാണോ പ്രവചിക്കുന്നത്, അവരുടെ മനസ്സറിഞ്ഞ് ആഗ്രഹനിവൃത്തിക്കുവേണ്ടി പ്രവചനം നടത്തുന്ന പ്രവാചന്മാരെ നമുക്ക് പഴയ നിയമത്തിൽ കാണാൻ സാധിക്കും. ഇതുകൊണ്ടുതന്നെ പ്രവാചക ശുശ്രൂഷ വളരെ വിമർശനങ്ങൾ നേരിടുന്നതിന് കാരണമായിട്ടുണ്ട്. എന്നിരുന്നാലും ഈ സ്ഥാപനത്തിന്റെ ആന്തരീകചാലകത്വം (innerdynamics) വിസ്മയാവഹമായ ഒന്നുതന്നെയാണ്. ഈ ചെറിയ കുറിപ്പിലൂടെ ചരിത്രപരമായ ഒരു അന്വേഷണം സാധ്യമാക്കുക എന്നതിലുപരി പ്രവാചക ശുശ്രൂഷ ചരിത്രപരമായി പുലർത്തിവന്ന ആന്തരിക ചാലകത്വത്തിലേക്ക് ഒരു അന്വേഷണം നടത്താനുള്ള ഒരു എളിയ ശ്രമമാണ്.

പഴയനിയമ പ്രവചനങ്ങൾ പരിശോധിക്കുമ്പോൾ ഒരു നീണ്ടകാല ചരിത്രം ഈ സ്ഥാപനത്തിനുണ്ടെന്ന് മുമ്പ് പറഞ്ഞിരുന്നല്ലോ. അതുമാത്രമല്ല, കാലഘട്ടങ്ങൾക്കനുസൃതമായി വിവിധ പേരുകളിലാണ് ഇത് അറിയപ്പെട്ടിരുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. 'ദൈവപുരുഷൻ', 'ദീർഘദർശി', 'പ്രവാചകൻ' എന്നീ പേരുകൾ അതിന് ചില ഉദാഹരണങ്ങളാണ്. സാമുവേലിന്റെ പുസ്തകത്തിൽ പ്രവാചകൻ അക്കാലത്ത് ദീർഘദർശി എന്നാണ് വിളിക്കപ്പെട്ടിരുന്നത് (1. സമു. 9:9) എന്ന് പറയുമ്പോൾ തന്നെ ഇതിന്റെ പേരിനോടൊപ്പം പ്രവർത്തനരീതികൾക്കും മാറ്റമുണ്ടായി എന്നും കരുതാവുന്നതാണ്. ദൈവത്തിന്റെ പ്രത്യേക സംരക്ഷണയുടെ അടയാളമായി പ്രവാചകൻ എന്ന പദം ഉപയോഗിക്കുന്നുണ്ട് (ഉല്പ. 20:7). ഇസ്രായേലിൽ രാജഭരണത്തിനു തൊട്ടുമുമ്പുള്ള കാലഘട്ടത്തിലാണ് പ്രവചനം എന്നത് വലിയൊരു പ്രസ്ഥാനമായി രൂപം പ്രാപിക്കുന്നത്. ഇവിടെ യഹോവയുടെ ആത്മാവിന് പകർന്നു ലഭിക്കുമ്പോൾ ഉന്മാദാനുഭവത്തിലേക്ക് പോകുന്നതും പ്രവചിക്കുന്നതുമായിട്ടാണ് കാണുന്നത് (1. സമു. 10:6-8, 10-13). പ്രവാചകസംഘം പ്രവാചകശിഷ്യന്മാർ (Prophetic guild, Professional prophets, Prophetic disciples) എന്നീ നിലകളിലെല്ലാം അറിയപ്പെടുന്നുണ്ട്.

---

ശിക്ഷ അപര്യാപ്തമെങ്കിൽ വധശിക്ഷ തന്നെ നടപ്പാക്കണമെന്നാണ് പൊതുവായ ജനവികാരം. അക്രമത്തിനെതിരെയുള്ള ആത്മരോഷവും നീതിബോധവും അഭിസംബോധന ചെയ്യപ്പെടാതെ പോയാൽ സമൂഹം നീതി നിസംഗമായി (amoral) പരിണമിക്കുമെന്ന ആശങ്ക വ്യാപകമായിട്ടുണ്ട്. ക്രിസ്തുവിന്റെ ക്രൂശാരോഹണം മനുഷ്യന്റെ അക്രമങ്ങൾക്കുവേണ്ടിയുള്ള ഒരു കുറ്റ പരിഹാര വധമായിരുന്നു എന്ന വേദശാസ്ത്ര ചിന്ത വധശിക്ഷയെ സാധൂകരിക്കുന്നു. ഹിംസയ്ക്കു പരിഹാരം ഉണ്ടാവുകവഴി മാത്രമാണ് അത് സൃഷ്ടിച്ച നീതിത്തകർച്ച സ്വാഭാവികമായി പരിഹരിക്കപ്പെടുന്നത് എന്ന ധാരണ പ്രബലമായി നിലനിൽക്കുന്നതുകൊണ്ട് അതിനനുസൃതമായി മാത്രമാണ് സഭകൾ ഇന്നും നിലകൊള്ളുന്നത്.

എന്നാൽ ഈ വിഷയം സംബന്ധിച്ച് ഒരു പുനഃരന്വേഷണം ആവശ്യമാണ്. ഓരോ വധശിക്ഷയും എന്നല്ല, ഓരോ ശിക്ഷയും മനഃസാക്ഷിയുള്ള ഓരോ മനുഷ്യനേയും അസ്വസ്ഥനാക്കുന്നുണ്ട്. 257 പേരുടെ കൂട്ടകൊലയ്ക്ക് നേതൃത്വം കൊടുത്ത ആൾ ആയിരുന്നിട്ടുപോലും യാക്കൂബ് മേമന്റെ കഴുത്തിൽ കൊലക്കയർ മുറുകിയപ്പോൾ അനേകരുടെ ഹൃദയം നൊന്തു. മനസ്സു ചഞ്ചലിച്ചു. നിസ്സാഹയത അനുഭവിച്ചു. അതുകൊണ്ട് വധശിക്ഷ സംബന്ധിച്ച് നിലവിലിരിക്കുന്ന ധാരണകൾക്ക് ഉപരിയും കാഴ്ചപ്പാടുകൾക്ക് അപ്പുറവുമായ സമീപനം ആവശ്യമായിരിക്കുന്നു എന്ന് പറയട്ടെ. *(തുടരും)*

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

(1. രാജാ. 20:35, 2. രാജാ. 2:3, 6:1, 5:22) ശമുവേലുതന്നെ പ്രവാചകസംഘത്തിന്റെ നേതാവായിരുന്നു (1. സമു. 19:20) എന്നും മനസ്സിലാക്കാൻ സാധിക്കും. മോശയുടെ കാലത്തും മുകളിൽ കാണുന്ന രീതികളോടെയുള്ള പ്രവാചക ശുശ്രൂഷ നിലനിന്നിരുന്നുവെന്ന് വിസ്മരിക്കാൻ സാധിക്കുന്നതല്ല (സംഖ്യ. 11:24-30).

രാജഭരണത്തിനു മുമ്പുള്ള ഇസ്രായേലിൻ ചരിത്രത്തിൽ ഏറെ നിർണ്ണായകമായ സ്ഥാനമാണ് ദൈവപുരുഷനായ ശമുവേലിനുള്ളത്. ഗോത്രാചാരപ്രകാരമുള്ള ന്യായാധിപന്മാരുടെ ഭരണ നേതൃത്വത്തിൽ നിന്ന് രാജഭരണത്തിലേക്കുള്ള പകർച്ചക്ക് മുഖ്യ കാർമ്മികത്വം വഹിക്കുന്നത് ശമുവേലാണ്. Tribal confedercy നിന്ന് Monarchy ലേക്കുള്ള ദൂരം, ഈയൊരു മാറ്റത്തിൽ ഉണ്ടാകാവുന്ന പ്രതിസന്ധികൾ എന്നിവ അക്കമിട്ട് ശമുവേൽ നിരത്തുന്നുണ്ട്. (1. ശമു. 8:10-22) അക്കാലത്ത് രാജാവിനെ തങ്ങൾക്കും വേണം എന്ന ആവശ്യത്തിലേക്ക് യിസ്രായേൽ എത്താൻ കാരണങ്ങൾ പലതാണ്. ശമുവേൽ വൃദ്ധനായിരിക്കുന്നു, ന്യായാധിപന്മാരായി ശമുവേലിന്റെ മക്കളെ നിയമിച്ചെങ്കിലും അവർ ദ്രവ്യാഗ്രഹികളാണ്, മറ്റു ജനതകൾക്ക് രാജാവുണ്ട്, ഇതാണ് ഏകീകൃത രാജ്യമെന്ന ആശയത്തിലേക്ക് യിസ്രായേൽ എത്തിച്ചേരാൻ കാരണം. ഇവിടെ ശമുവേൽ നടത്തുന്ന പ്രവചനം രാജഭരണത്തിന് ആഗ്രഹിക്കുന്ന ജനത്തിനുള്ള താക്കീത് മാത്രമല്ല അക്കാലത്ത് രാജഭരണം നിലനിന്നിരുന്ന രാജ്യങ്ങളുടെ രാഷ്ട്രീയ ജീവിതത്തിന്റെ മനോഹരമായ അപഗ്രഥനവുമാണ്. വാസ്തവത്തിൽ ഈ പ്രവചനമാണ് തുടർന്നുള്ള കാലഘട്ടത്തിലേക്ക് പ്രവാചക ശുശ്രൂഷയെ ബന്ധിപ്പിക്കുന്നത്.

രാജഭരണകാലത്തെ പ്രവാചക ദൗത്യം തികച്ചും വ്യത്യസ്തമാണ്. കാരണം സാമൂഹ്യ-രാഷ്ട്രീയ ജീവിതത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി എന്നതാണ്. അധികാരം കേന്ദ്രീകരിക്കപ്പെട്ടു, ഈ അധികാര സ്ഥാപനവുമായി ബന്ധപ്പെട്ട് അനേക ചെറു അധികാരകേന്ദ്രങ്ങളുണ്ടായി, അധികാരികൾക്കും അധികാരകേന്ദ്രങ്ങൾക്കും ചുറ്റുമായി പ്രവാചകന്മാരും അവരുടെ സമൂഹങ്ങളും പടർന്നുപന്തലിച്ചു. ഇത്തരത്തിൽ വികസിക്കാൻ കാരണം സമൂഹമദ്ധ്യത്തിൽ മതപരമായ സ്വീകാര്യത ഉറപ്പുവരുത്തേണ്ടത് രാജാക്കന്മാരുടെ നിലനിൽപിന് ആവശ്യമായിരുന്നു. ഇത് നിർവ്വഹിച്ചുകൊടുക്കുന്നത് വേദപുസ്തകത്തിന്റെ ഭാഷയിൽ കള്ളപ്രവാചകന്മാരായിരുന്നു. (യിരമ്യ. 28:1-16) എന്നാൽ എട്ടാം നൂറ്റാണ്ടിൽ തുടങ്ങി ഏഴ്, ആറ് നൂറ്റാണ്ടിൽ ചെറുതും വലുതുമായ പ്രവാചകന്മാരുടെ ശുശ്രൂഷ പരിശോധിക്കുമ്പോൾ അധികാരസ്ഥാനങ്ങൾക്കും, നീതിനിഷേധത്തിനുമെതിരെ ദൈവനീതിയുടെ വക്താക്കളാകുകയായിരുന്നു പ്രവാചകന്മാർ എന്നുകാണാം. ദൈവത്തെ മറന്നുകളഞ്ഞ ജനത്തിന് തക്കശിക്ഷ നൽകും എന്ന താക്കീതായിരുന്നു അക്കാലത്തെ പ്രവചന പുസ്തകങ്ങൾ. മുൻപ് പ്രതിപാദിച്ചതുപോലെ ഈയൊരു കാലഘട്ടമാകുമ്പോഴേക്കും രാജഭരണകാലത്തിനുമുമ്പുണ്ടായിരുന്ന പ്രവാചകദൗത്യത്തിന്റെ ഊടും പാവും ആകപ്പാടെ മാറിയിരുന്നു. പ്രമുഖപ്രവാചകന്മാരായിരുന്ന ആമോസും സഖറിയായും പ്രവാചകൻ എന്ന വാക്കുകൊണ്ട് തങ്ങളെതന്നെ പ്രതിനിധാനം ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നില്ല എന്ന് കാണാൻ സാധിക്കും. (ആമോസ്. 7:17, സഖറിയ. 13:5) ഈയൊരു കാലഘട്ടമാകുമ്പോൾ അധികാരത്തിന്റെയും സ്ഥാനമാനങ്ങളുടെയും സ്വാധീനം ഇസ്രായേലിന്റെ പ്രവാചക ശുശ്രൂഷ എന്ന ദൈവവിളിയെ വെറുമൊരു സ്ഥാപനമാക്കി. അതിന്റെ ആന്തരീക ചാലകത്വം ദൈവനീതിക്ക് എതിരാക്കി എന്നതാണ് വസ്തുത. ഇതിന് മാറ്റം വരുത്തുന്നത് 8-ാം നൂറ്റാണ്ടിലെ പ്രവാചകന്മാരാണ്.

8-ാം നൂറ്റാണ്ടിലും അതിനുശേഷവും ഉണ്ടായ പ്രവാചകന്മാരുടെ കാലമാകുമ്പോഴേക്കും പ്രവചനത്തിന്റെ അവതരണരീതിക്കും പ്രവചന വിഷയങ്ങൾക്കും വ്യത്യാസം വന്നു. മുമ്പ് ഇത് പരമ്പരാഗതമായി കൈവന്നുകൊണ്ടിരുന്ന ദൈവവിളി ആയിരുന്നെങ്കിൽ ഈ കാലഘട്ടമാകുമ്പോൾ അതിൽ നിന്ന് പാടെ മാറുകയാണ്. എസക്കിയേൽ ഒരു പുരോഹിതനായിരുന്നു, യേശയ്യ രാജാകുടുംബ പരമ്പരയിൽ നിന്നാണ്, മീഖ ഒരു പ്രവശ്യയുടെ നേതാവാണ്, ആമോസ് ഇടയനാണ് എന്നിങ്ങനെ തങ്ങളെത്തന്നെയും തങ്ങളുടെ ജോലി പാരമ്പര്യങ്ങളെയും ദൈവത്തിന്റെ അരുളപ്പാടുകളുടെ അടയാളമാക്കി മാറ്റുന്നവരെയാണ് ദൈവം പ്രവാചകന്മാരായി തെരഞ്ഞെടുക്കുന്നത്. യേശയ്യ പ്രവാചകന്റെ 61-ാം അദ്ധ്യായം താൻ ഏറ്റെടുക്കുന്ന വലിയ ദൗത്യങ്ങളെ ധൈര്യപൂർവ്വം ഏറ്റുപറയുകയാണ്. പ്രവാചക ദൗത്യം നിറവേറ്റിയതിന്റെ പേരിൽ മാനസികമായും ശാരീരികമായും ക്ലേശങ്ങൾ സഹിക്കേണ്ടിവന്ന പ്രവാചകനാണ് യിരമ്യാവ്. താൻ പ്രവചിച്ചത് അങ്ങനെ തന്നെ നടപ്പാക്കുന്നത് ജീവിതകാലത്തുതന്നെ കാണേണ്ടിവരികയും പിന്നീട് ഈജിപ്റ്റിലേക്ക് നാടുകടത്തപ്പെടുകയും ചെയ്യുന്നുണ്ട്. നുകവും കയറും ഉണ്ടാക്കി കഴുത്തിൽ വെച്ച് (യിരമ്യ. 27:2) വരുവാനുള്ള അടിമത്തം തന്നിൽതന്നെ അടയാളപ്പെടുത്തി പ്രവാചകൻ കാണിച്ചുകൊടുക്കുന്നു. സ്വന്തം വിവാഹജീവിതത്തിന്റെ പശ്ചാത്തലത്തിൽ യിസ്രായേലും ദൈവവും തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കാൻ ശ്രമിക്കുകയാണ് ഹോശിയ പ്രവാചകൻ. അരുളപ്പാടുകൾ വാക്കുകൊണ്ട് പ്രസ്താവിക്കുക മാത്രമല്ല, അത് സ്വന്തം ജീവിതത്തിൽ അടയാളപ്പെടുത്തുന്ന ദൈവത്തിന്റെ ജീവിക്കുന്ന സാക്ഷികളാണ് പ്രവാചകന്മാർ എന്ന് ജീവിതം കൊണ്ട് സാക്ഷിക്കുന്നവരാവുകയാണ് ഈ പ്രവാചകന്മാർ.

പ്രവാചകന്മാരുടെ തെരഞ്ഞെടുപ്പ് പ്രത്യേകം പരാമർശിക്കേണ്ടതു തന്നെയാണ്. "ദൈവമായ കർത്താവ് സംസാരിച്ചു, ആർക്ക് പ്രവചിക്കാതിരിക്കാൻ കഴിയും" (ആമോസ്. 3:8) യിരമ്യാ പ്രവാചകന്റെ തെരഞ്ഞെ

ടുപ്പും ഇപ്രകാരമാണ്. "ഇതാ, എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. പിഴുതെറിയാനും, ഇടിച്ചുതകർക്കാനും, നശിപ്പിക്കാനും, തകിടംമറിക്കാനും, പണിതുയർത്താനും, നട്ടുവളർത്താനും വേണ്ടി ഇന്ന് ഇതാ ജനതകളുടെയും രാജ്യങ്ങളുടെയും മേൽ ഞാൻ നിന്നെ അവരോധിച്ചിരിക്കുന്നു". (യിരമ്യ. 1:9-10) ഇവിടെ പ്രവാചകൻ എന്ന വാക്കിന് നാം കൊടുക്കുന്ന പരിമിതമായ അർത്ഥത്തിനപ്പുറത്തേക്ക് പ്രവാചക ശുശ്രൂഷ വളരുന്നുണ്ട്. പ്രമുഖരായ മറ്റ് എല്ലാ പ്രവാചന്മാരുടെ തെരഞ്ഞടുപ്പിലും ഈ പ്രത്യേകത നമുക്ക് കാണാൻ സാധിക്കും. അനീതി നടമാടുന്ന സാമൂഹ്യവ്യവസ്ഥിതി, പാവപ്പെട്ടവനെ വീർപ്പുമുട്ടിക്കുന്ന രാഷ്ട്രീയ ഭരണസംവിധാനം, സത്യദൈവാരാധനയിൽ നിന്നുള്ള അകന്നുപോക്ക് ഇത്തരത്തിലുള്ള അനേക സാമൂഹ്യ-രാഷ്ട്രീയ-മത-സാംസ്കാരിക സാഹചര്യങ്ങളെ വ്യക്തമായി അപഗ്രഹിച്ച് ദൈവേഷ്ടം എന്താണ് എന്ന് തിരിച്ചറിഞ്ഞ് പ്രവാചകൻ പ്രഘോഷിക്കുന്നു. സംഘടിതമായ ഘടനകൾക്കെതിരെയാണ് പ്രവാചകൻ സംസാരിക്കുന്നത്. അനേക കള്ളപ്രവാചകന്മാരുടെ ഇടയിൽ നിന്നാണ് ഈ പ്രവാചകന്മാർക്കും പ്രവചിക്കേണ്ടി വരുന്നത്. തങ്ങളിലൂടെ പുറത്തുവരുന്ന ദൈവശബ്ദം അനേകരുടെ ശബ്ദങ്ങളുടെ മുകളിൽ കേൾപ്പിക്കേണ്ടതും പ്രവാചകനാണ്. താൻ ദൈവത്തിന്റെ പ്രവാചകനാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുമുണ്ട്. പ്രവാചകനെ ദൈവം വിളിക്കുന്നതും അരുളപ്പാടുകൾ കൊടുക്കുന്നതും തികച്ചും വ്യക്തിപരമായ സാഹചര്യങ്ങളിലാണ്. ജനമധ്യത്തിൽ അംഗീകാരം നേടിയെടുത്ത് ദൈവവഴിയിലേക്ക് ദൈവജനത്തെ തിരിപ്പിക്കേണ്ട ഭാരിച്ച ഉത്തവാദിത്തമാണ് പ്രവാചകനുള്ളത്. ഇന്ന് ദൈവജനത്തിന്റെ മദ്ധ്യേ വച്ച് ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് എന്ന് സാക്ഷ്യപ്പെടുത്തൽ ലഭിച്ചാൽപോലും ദൈവത്തിന്റെ പ്രവാചകനോ പുരോഹിതനോ ആകാൻ നമുക്ക് സാധിക്കാതെ പോകുന്നുണ്ട്. സ്തുതി പാടകരായ അനേക കള്ളപ്രവാചകമാരുടെയിടയിൽ സത്യദൈവത്തിന്റെ ശബ്ദം കേൾപ്പിക്കാൻ പ്രവാചകന് ഇടം കിട്ടിയെങ്കിൽ അത് ദൈവം നിക്ഷേപിച്ച വാക്ക് വായിലുള്ളതുകൊണ്ടും പ്രവാചകൻ എന്ന പ്രവ്യക്തിയുടെ ധീരത കൊണ്ടും മാത്രമാണ്.

പ്രവാചകശുശ്രൂഷയുടെ നൂറ്റാണ്ടുകൾ നീണ്ട ചരിത്രത്തിൽ ഈ സ്ഥാപനത്തിന് പലതരത്തിലുള്ള രൂപപരിണാമങ്ങൾ സംഭവിച്ചു എന്ന് നമുക്ക് കാണാൻ സാധിച്ചു. ആദ്യകാലങ്ങളിൽ പ്രവാചകൻ ഒരു മാധ്യമം മാത്രമായിരുന്നുവെങ്കിൽ, പിൻകാലത്ത് പ്രവാചകൻതന്നെ അടയാളവും സന്ദേശവും ആവുകയാണ്. അതായത് പ്രൊഫഷണൽ ആയ ഒരു പ്രവർത്തനം മാത്രമായി ആദ്യകാലങ്ങളിൽ കാണാൻ സാധിക്കുകയുള്ളൂ. ഉദാഹരണത്തിന് പ്രവാചക ഗണം (Prophetic guild) പ്രവചനം നിർവ്വഹിക്കുന്നത് തങ്ങളുടെ കയ്യിലുള്ള വാദ്യോപകരണങ്ങൾകൊണ്ട് പാട്ടുപാടി നൃത്തം ചെയ്ത് ഉന്മാദാവസ്ഥയിൽ എത്തുകയും അപ്പോൾ വിളിച്ചു പറയുന്നത് പ്രവചനമായും പരിഗണിച്ചിരുന്നു. ഇതു പറഞ്ഞു തീരുന്ന തോടുകൂടി പ്രവാചകസമൂഹത്തിന്റെ ദൗത്യം അവസാനിച്ചു (1.ശമു. 10: 10-13). ഇവർ ഇത് ഒരു തൊഴിലായി സ്വീകരിച്ചിരുന്നവരായിരിക്കണം എന്നുവേണം അനുമാനിക്കാൻ. പിൻകാലത്ത് പ്രവചനം എന്നതോ, പ്രവാചകൻ എന്നതോ ഒരാളുടെ ജോലിയല്ല. അത് ഒരു വ്യക്തിയുടെ ആത്മനിഷ്ഠമായ ദിവ്യാനുഭവ (subjective experience) മാണ്. പ്രവാസത്തിനു മുമ്പും പ്രവാസത്തിലിരിക്കുമ്പോഴും പ്രവാസത്തിനുശേഷവും നാം കാണുന്ന ഓരോ പ്രവചനഗ്രന്ഥവും ഈ നിലയിലാണ് നമ്മെ ചിന്തിപ്പിക്കുന്നത്.

സാമൂഹ്യ-സാമ്പത്തിക-മത-സാംസ്കാരിക ഘടനകളോടുള്ള സന്ദേശമായിരുന്നു പ്രവചനങ്ങൾ. അനീതിയുടെ ഘടനകളെ സമൂഹത്തിൽ അടിച്ചേൽപ്പിക്കുന്നവർക്കും അതിനായി രാഷ്ട്രീയ അധികാരം ഉപയോഗിക്കുന്നവർക്കും മതത്തെ ലാഭക്കണ്ണുകൊണ്ട് കണ്ട് കച്ചവടച്ചരക്കാക്കുന്നവർക്കും എതിരെയുള്ള ദൈവത്തിന്റെ നീതിയുടെ പ്രഘോഷകരായിരുന്നു പ്രവാചകന്മാർ. സാമൂഹ്യമാറ്റമാണ് പ്രവാചകന്റെ ലക്ഷ്യം. അനീതിയുടെ സാമൂഹ്യഘടനകളെ പരിപോഷിപ്പിക്കുന്ന രാഷ്ട്രീയ-മത അധികാരങ്ങളുടെ മാനസാന്തരമായിരുന്നു പ്രവാചകന്മാരുടെ ലക്ഷ്യം. ഇന്നത്തെ നമ്മുടെ പ്രവചനങ്ങളൊന്നും സാമൂഹ്യമാറ്റത്തിനുവേണ്ടിയുള്ള മുറവിളിയാകുന്നില്ല എന്നത് എന്തുകൊണ്ടായിരിക്കാം? ഇന്നും ബഹുഭൂരിപക്ഷം പട്ടിണിക്കാരായി സമൂഹത്തിന്റെ ഇരുണ്ട കോണിലേക്ക് ആട്ടിപ്പായിക്കുമ്പോഴും വൻകിട കുത്തകകൾ ലാഭക്കണ്ണുകളോടെ നമ്മുടെ പ്രകൃതിയെയും വിഭവശേഷിയെയും ജീവനോപാധികളെയും കവർന്നെടുക്കുമ്പോഴും കമ്പോളവും അതിന്റെ മാസ്മരിക ലോകവും നമ്മെ വിഴുങ്ങികളയുമ്പോഴും ശതകോടീശ്വരന്മാരെ സൃഷ്ടിക്കുന്ന സമ്പത് വ്യവസ്ഥ ദൈവത്തിന്റെ നീതിയെ പിഴുതെറിയുമ്പോഴും എന്തുകൊണ്ട് നാം പ്രവചിക്കുന്നില്ല, ഈ ഘടനകൾക്കെതിരെ? ഇത് ഒരു വലിയ ചോദ്യമാണ്. അതോ ഇന്നും യാതൊരു വളർച്ചയുമില്ലാതെ ന്യായാധിപന്മാരുടെ കാലത്ത് ഉന്മാദാവസ്തയിലിരുന്ന് പ്രവചനം നടത്തുന്ന പ്രവാചകരും പ്രവാചക ശിഷ്യരുമായിട്ടാണോ നാം അവശേഷിക്കുന്നത്. പുരാതന രാഷ്ട്രമായ ഗ്രീസിൽ ഇന്ന് ഉണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി നാം എല്ലാം മനസ്സിലാക്കുന്നതാണ്. യൂറോപ്യൻ മൂലധന ശക്തികൾ വിഴുങ്ങിക്കളഞ്ഞ ആ കൊച്ചു രാജ്യത്ത് ATM-ൽ നിന്ന് പണം ലഭിക്കാതെ വരുമ്പോൾ കുഴഞ്ഞുവീണ വൃദ്ധന്റെ ചിത്രം നാം പത്രങ്ങളിൽ കണ്ടതാണ്. ഇത് നാം മുൻകൂട്ടി പ്രവചിക്കേണ്ടതല്ലായിരുന്നോ? ഇത് മുൻകൂട്ടി പ്രവചിച്ച അനേകരുണ്ട്. അവരെല്ലാമാണ് ഈ കാലത്തിന്റെ പ്രവാചകന്മാർ. ●

ശാസ്ത്രം

# പ്രമേഹരോഗസൗഖ്യത്തിനുള്ള ശസ്ത്രക്രിയ അംഗീകാരം നേടുന്നു

വി.പി.

പ്രമേഹരോഗത്തിനെതിരെ ശസ്ത്രക്രിയ എന്നു കേൾക്കുമ്പോൾ നമ്മിൽ അധികം പേർക്കും ആശ്ചര്യം തോന്നാം. എന്നാൽ ഇത്തരം ഒരു ചികിത്സാരീതി കേരളത്തിൽ കഴിഞ്ഞ ഒരു വർഷമായി പ്രയോഗിച്ചുവരുന്നുണ്ട്. ഗുരുതരമായി പ്രമേഹരോഗം ബാധിച്ച രോഗികളിൽ നടത്തപ്പെടുന്ന ഈ സങ്കര ശാസ്ത്രക്രിയ (hybrid surgery) സംബന്ധിച്ച ഒരു റിപ്പോർട്ട് ഒരു രാജ്യാന്തര ആരോഗ്യ പ്രസിദ്ധീകരണത്തിൽ ഈയിടെ സ്ഥാനം പിടിക്കുകയുണ്ടായി. Minimally Invasive Hybrid Surgery for Illeal Interposition എന്നാണ് ഈ ശസ്ത്രക്രിയ അറിയപ്പെടുന്നത്. Journal of Surgical Innovasions എന്ന മാസികയിലാണ് ഈ ചികിത്സാ സമ്പ്രദായത്തെക്കുറിച്ചുള്ള വാർത്ത പ്രത്യക്ഷപ്പെട്ടത്. അതോടെ ലോകമെമ്പാടുമുള്ള ജനങ്ങളുടെ ശ്രദ്ധ അതിനു പിടിച്ചുപറ്റാൻ കഴിഞ്ഞിട്ടുണ്ട്.

ഇത്തരം ശസ്ത്രക്രിയക്ക് വിധേയരായ പ്രമേഹരോഗികൾ ഇൻസുലിൻ പ്രയോഗത്തോടും ചികിത്സയോടും വിടപറഞ്ഞിരിക്കുന്നു എന്നാണ് ശസ്ത്രക്രിയ നിർവ്വഹിച്ച ഡോക്ടർമാർ അവകാശപ്പെടുന്നത്. മാത്രമല്ല, ആ രോഗികൾ അനുഭവിച്ചിരുന്ന അധിക വിശപ്പും ഭക്ഷണ തൃഷ്ണയും അവരെ വിട്ടുമാറിയതായും പറയുന്നു. ഇവയ്ക്കെല്ലാം പുറമെ പ്രമേഹരോഗികൾ പൊതുവെ ഭയപ്പെടുന്ന hypoglycemia അഥവാ രക്തത്തിലെ ഗ്ലൂക്കോസ്നിലയ്ക്കു പെട്ടെന്നുണ്ടാകുന്ന പതനം അവർക്കുഭയപ്പെടേണ്ടതുമില്ല.

ഈ ശസ്ത്രക്രിയയിൽ രോഗിയുടെ ചെറുകുടലിന്റെ രണ്ടുപകുതികളുടെ പരസ്പര സ്ഥാനം മാറ്റൽ ആണ് നടക്കുന്നത്. ആദ്യപകുതിയെ രണ്ടാം പകുതിയുടെ സ്ഥാനത്തും രണ്ടാം പകുതിയെ ആദ്യപകുതിയുടെ സ്ഥാനത്തും മുറിച്ചു ചേർക്കുന്നു. ചിത്രം 1, 2 ഇവ ശ്രദ്ധിക്കുക.

മനുഷ്യന്റെ ചെറുകുടലിൽ വച്ചാണല്ലോ ദഹനത്തിന്റെയും പോഷകാംശങ്ങളുടെ ആഗിരണത്തിന്റെയും അധികപങ്കും നിർവ്വഹിക്കപ്പെടുന്നത്. ചെറുകുടലിന് ഏകദേശം 5 മീറ്റർ നീളമുണ്ട്. ഇതിന്റെ ആരംഭ ഭാഗത്തെ പക്വാശയം (duodenum) എന്നു വിളക്കുന്നു. ഇതിലൂടെ ഭക്ഷണം നീങ്ങുമ്പോഴാണ് ആഗ്നേയരസം (pancreatic juice) അതിനോട് ചേർന്ന് ദഹനക്രിയ തുടരുന്നത്. പക്വാശയത്തിനുശേഷമുള്ള ചെറുകുടലിന്റെ പകുതികളാണ് ഈ ശസ്ത്രക്രിയയിലൂടെ പരസ്പരം സ്ഥാനമാറ്റം ചെയ്യപ്പെടുന്നത്. ശരീര തൂക്ക സൂചകം (Body Mass Index- BMI) 25-30 വരുന്ന അമിതഭാരമുള്ള പ്രമേഹരോഗികളിൽ അമിത വിശപ്പിന് കാരണമാക്കുന്ന ഘ്രേലിൻ (Ghrelin) എന്ന ഹോർമോണിനെ ഉല്പാദിപ്പിക്കുന്ന ആമാശയത്തിന്റെ ഉന്തിനില്ക്കുന്ന ഭാഗം കൂടി മുറിച്ചു നീക്കപ്പെടുന്നു.




ചെറുകുടൽപകുതികളുടെ ഈ വച്ചുമാറ്റം ഗ്ലൂക്കഗൺ (glucagon) എന്ന രസത്തിന്റെ ഉല്പാദനത്തെ ഉത്തേജിപ്പിക്കുകയും അധികമാക്കുകയും ചെയ്യുന്നു. ഇത് ഇൻസുലിൻ ഉല്പാദനത്തിന് സഹായകമാകുന്നു. തന്മൂലമാണ് പ്രമേഹ സൗഖ്യമുണ്ടാകുന്നത്. "ഞങ്ങൾ കഴിഞ്ഞ ഒരു വർഷക്കാലം ഇത്തരം ശസ്ത്രക്രിയയുടെ ഫലങ്ങൾ ലാപ്രോസ്കോപ്പിക്-ജനറൽ സർജൻസിന് നല്കുകയും വിശദീകരിക്കുകയും അതിൽ അവർക്ക് പരിശീലനം നൽകുകയും ചെയ്തു വരുന്നു. കേരളത്തിൽ 60 ലക്ഷത്തോളം പ്രമേഹരോഗികളുണ്ട്. അവരിൽ പകുതിപ്പേരും ഈ ചികിത്സകൊണ്ട് പ്രയോജനം ലഭിക്കാവുന്നവരാണ്." സൺ റൈസ് ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസിലെ സ്പെഷ്യലിസ്റ്റുസർജ്ജനും ചീഫ് മെഡിക്കൽ അഡ്മിനിസ്ട്രേറ്ററുമായ ഡോ. പദ്മകുമാർ പറഞ്ഞു. "തീരെ ശോഷിച്ചുപോയ രോഗികളിൽ ഔഷധ ചികിത്സ ഒട്ടും ഫലിക്കാത്ത ഘട്ടത്തിൽ മാത്രമാണ് ഞങ്ങൾ അവർ ഈ ശസ്ത്രക്രിയ നിർദ്ദേശിക്കാറുള്ളത്. അമിതവണ്ണം ഇല്ലാത്തവരും ആനുപാതിക ശരീരഭാരം ഉള്ളവരുമായ പ്രമേഹരോഗികളിൽ ഈ ശാസ്ത്രക്രിയാചികിത്സ നിരപായകരവും വളരെ ഫലപ്രദവുമാണ്. അതിന് 3-4 ലക്ഷം രൂപ ചെലവു വരുമെങ്കിലും നീണ്ട ചികിത്സ, ആശുപത്രിവാസം, മനക്ലേശം, അവയവ പരാജയംവരെ എത്താവുന്ന സങ്കീർണ്ണതകൾ എന്നിവയെല്ലാം കണക്കിലെടുക്കുമ്പോൾ അതൊരു അധികത്തുകയായി പരിഗണിച്ചുകൂടാ. സുഖപ്രാപ്തി എളുപ്പവും സ്ഥിരവും ആണല്ലോ." അദ്ദേഹം തുടർന്നു, കഴിഞ്ഞ 5 വർഷങ്ങളായി അദ്ദേഹം നേതൃത്വം നൽകുന്ന ഡോക്ടർമാരുടെ സംഘം ഇരുന്നൂറിലധികം ഇത്തരം ശാസ്ത്രക്രിയകൾ നടത്തിക്കഴിഞ്ഞു

(ടൈംസ് ഓഫ് ഇന്ത്യയോട് കടപ്പാട്)



*അഭിമുഖം*

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ സഭാസമാധാന ചർച്ചയ്ക്കായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ മലങ്കര ഓർത്തഡോക്സ് സഭ ഒരു സമാന്തര കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടില്ല. കാരണം വിശദീകരിക്കാമോ?**

സഭാപ്രശ്നം ആരോട് ചർച്ച ചെയ്യണം എന്നതാണ് ഇവിടത്തെ പ്രശ്നം. മലങ്കരസഭയിൽ ഭിന്നിപ്പുണ്ടാക്കിയതും ഭിന്നിപ്പ് നിലനിർത്തുന്നതും മലങ്കരസഭയും അന്ത്യോഖ്യാ പാത്രിയർക്കേറ്റും തമ്മിലുള്ള തർക്കമാണ്. അതുകൊണ്ട് ബന്ധപ്പെട്ട കക്ഷികൾ എന്ന നിലയിൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റും പൗരസ്ത്യ കാതോലിക്കേറ്റും തമ്മിൽ ചർച്ചയ്ക്കുള്ള വഴി ഒരുങ്ങുമ്പോൾ സമിതിക്ക് രൂപം കൊടുക്കും. ഇവിടത്തെ യാക്കോബായ വിഭാഗം എന്നത് തർക്കത്തെ തുടർന്ന് പാത്രിയർക്കീസിനോടുള്ള വിധേയത്വത്തിൽ രൂപം കൊണ്ട സമൂഹമാണ്. പാത്രിയർക്കേറ്റുമായുള്ള ബന്ധം സംബന്ധിച്ച് തീരുമാനം എടുക്കാൻ അധികാരവും സ്വാതന്ത്ര്യവുമുള്ള സമൂഹമല്ല ഇത്. പാത്രിയർക്കീസിന്റെ അനുസരണയിൽ ഇവിടെ കഴിഞ്ഞുകൂടുന്ന ഈ വിഭാഗവുമായി പാത്രിയർക്കേറ്റുമായുള്ള തർക്കം ഔപചാരികമായി ചർച്ച ചെയ്യുന്നത് ഫലപ്രദമല്ല എന്ന വിലയിരുത്തലാണ് മലങ്കരസഭയ്ക്കുള്ളത്. പാത്രിയർക്കേറ്റ് ചർച്ചയ്ക്ക് തയ്യാറാകുന്ന സാഹചര്യം ഉണ്ടാകണം.

രണ്ടാമതായി, വെറുതെ ചർച്ച നടത്തിയിട്ട് കാര്യമില്ല. ചില അടിസ്ഥാനകാര്യങ്ങൾ അംഗീകരിച്ചുവേണം ചർച്ച ആരംഭിക്കുവാൻ. ഇന്ത്യൻ ജുഡീഷ്യറിയുടെ തീരുമാനങ്ങൾ by-pass ചെയ്ത് ചർച്ച ചെയ്യുന്നതിൽ അർത്ഥമില്ല. അതായത് ചർച്ചയുടെ അടിസ്ഥാനവും ചട്ടക്കൂടും സുപ്രീംകോടതിവിധികളും 1934 സഭാഭരണഘടനയും ആയിരിക്കും. ഇവയുടെ അടിസ്ഥാനത്തിൽ പാത്രിയർക്കേറ്റ്, കാതോലിക്കേറ്റ് തുടങ്ങിയവയുടെ functions അംഗീകരിച്ചും നിലനിർത്തിയുമാകണം ഐക്യം.

പാത്രിയർക്കേറ്റും അതിന്റെ കീഴിലുള്ള ഇവിടത്തെ യാക്കോബായ ക്രിസ്ത്യാനിസഭയും കോടതിവിധികൾ, സഭാഭരണഘടന എന്നിവ അംഗീകരിക്കുന്ന നിലപാട് ഇതുവരെ എടുത്തിട്ടില്ല. അവരുമായി എന്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ആരംഭിക്കും? ഇന്ത്യൻ ജുഡീഷറിയുടെ തീരുമാനങ്ങൾ മാനിക്കുന്നതിലൂടെ ചർച്ചയ്ക്കുള്ള വിശ്വാസ്യത സൃഷ്ടിക്കേണ്ടതാണ്.

**അനൗപചാരിക ചർച്ചയ്ക്ക് സാംഗത്യമുള്ളതായി തിരുമേനി കരുതുന്നുണ്ടോ?**

ഇരുവിഭാഗങ്ങളിലെയും ഐക്യതാല്പര്യമുള്ള മേലദ്ധ്യക്ഷന്മാർ മാസത്തിലൊരിക്കൽ സമ്മേളിച്ച് പ്രാർത്ഥിക്കുകയും confidence building നടത്തുകയും ചെയ്താൽ പരസ്പരം മനസ്സിലാക്കി ഔപചാരിക ചർച്ചകൾക്ക് സാഹചര്യം സൃഷ്ടിക്കാവുന്നതാണ്. സന്മനസ്സും (good-will) ഐക്യതാല്പര്യവും ഇച്ഛാശക്തിയും നേതൃത്വനിരയിൽ സൃഷ്ടിക്കുന്നതിന് ഈ കൂട്ടായ്മ സഹായകമാകാവുന്നതാണ്.

സഭ എന്താണ്? എന്തിനാണ്? എന്നീ അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമം നടക്കുന്നില്ല എന്നതാണ് ഏറ്റവും അടിസ്ഥാനപരമായ കാര്യം. ക്രിസ്തു ഭൗതികപ്രകാരം ലോകത്തോട് വിട പറഞ്ഞപ്പോൾ ശിഷ്യരോട് കല്പിച്ച കാര്യം ലോകാതിർത്തികളോളവും ലോകാന്ത്യം വരെയും തന്റെ സാക്ഷികളാകുക എന്നതാണ്. ആരാധനയിൽ സംബന്ധിച്ച് ക്രിസ്തുശരീരം ഭക്ഷിച്ച് ക്രിസ്തുസാന്നിധ്യം ഉൾക്കൊണ്ട് ലോകത്ത് അവിടത്തെ സാക്ഷികളാകേണ്ട സഭ സഭാധികാരികളുടെ പേരിൽ തർക്കം സൃഷ്ടിക്കുകയാണ് എന്നത് സഭയ്ക്ക് നിരക്കാത്തതും അന്യവുമായ കാര്യമാണ്.

വിശ്വാസികളുടെ ഐക്യവും സഭാസമൂഹം ക്രിസ്തുസാന്നിധ്യമാകുന്നതും വഴിയാണ് സഭ അതിന്റെ സാക്ഷ്യം നിർവ്വഹിക്കുന്നത്. വിശ്വാസം സ്നേഹത്തിലൂടെ വെളിപ്പെടണം എന്ന വി. പൗലോസിന്റെ ആഹ്വാനം അവഗണിച്ച് നടുറോഡിൽ കക്ഷിവഴക്കിന്റെ പേരിൽ വെട്ടിക്കൊല്ലിക്കുന്നത് നേതാക്കൾ അറിയാതെയല്ലല്ലോ. ഈ ദൈന്യാവസ്ഥയിൽ നിന്ന് രക്ഷപടണമെങ്കിൽ സഭയിൽ ഐക്യം പുനഃസ്ഥാപിക്കണം. സഭയെപ്പറ്റിയും അതിന്റെ ദൗത്യം സംബന്ധിച്ചും യഥാർത്ഥ


## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 6000 രൂ. (100 ഡോളർ) |

ധാരണ ഉണ്ടായാൽ മാത്രമേ ഭിന്നതയ്ക്ക് അന്ത്യം ഉണ്ടാവുകയുള്ളൂ.

**ഐക്യമുണ്ടായില്ലെങ്കിൽ സഹകരിച്ച് പിരിയുന്നതിനുള്ള സാധ്യത എങ്ങനെ?**

പിരിയാനാണ് പദ്ധതിയെങ്കിൽ കോടതിയിൽ നിന്ന് ഓരോ പള്ളി സംബന്ധിച്ചും ഉണ്ടാകുന്ന വിധി ബന്ധപ്പെട്ട കക്ഷികൾ അംഗീകരിച്ച് പ്രവർത്തിച്ചാൽ മതി. അതിന് കൂടിയിരുന്ന് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. കോടതിവിധി പ്രകാരം ഐക്യത്തിന് തയ്യാറല്ലെങ്കിൽ അതിൻപ്രകാരം പിരിയട്ടെ. സഭയെ വിഭജിക്കാൻ ചർച്ചയുടെ ആവശ്യമില്ല.

**ഈ സഭകൾ ഭിന്നിച്ചു നിൽക്കുന്നത് എന്തുകൊണ്ടാണ്?**

കിഴക്കൻസഭയുടെ സഭാശാസ്ത്രം സംബന്ധിച്ച അജ്ഞതയാണ് അടിസ്ഥാന പ്രശ്നം. സഭ എന്നത് വിശുദ്ധ കുർബ്ബാനയ്ക്കായി ഒരുമിച്ചു കൂടുന്ന ആരാധനാ സമൂഹമാണ്. അവിടെ സഭയുടേയും പൗരോഹിത്യത്തിന്റേയും സഭാജീവിതത്തിന്റേയും പൂർണ്ണതയാണ്. ഉപരിയായത് മുഴുവൻ ഭരണസംവിധാനമാണ്. ആരാധനാസമൂഹം കർത്താവിന്റെ പൂർണ്ണ ശരീരമാണ്. അവിടെ നുറുക്കപ്പെടുന്നത് ക്രിസ്തുവിന്റെ പൂർണ്ണ ശരീരമാണ്. ഇത് വിശ്വാസികൾക്ക് ബോധ്യപ്പെട്ടാൽ സഭാകേന്ദ്രങ്ങളുടെ ആപേക്ഷികത അവർക്ക് മനസ്സിലാകും. അധികാരകേന്ദ്രങ്ങളെ ചുറ്റിപ്പറ്റി സഭാശാസ്ത്രം ഉണ്ടാക്കിയതാണ് ഭിന്നതയുടെ മൂല കാരണം.

**അമേരിക്കയിൽ ഒരു ഇടവക യാക്കോബായ ബന്ധംവിട്ട് ഓർത്തഡോക്സ് സഭയുടെ ഭാഗമായെന്ന് കേൾക്കുന്നു. വസ്തുതയാണോ?**

ടെക്സാസിൽ ഹൂസ്റ്റൺ സെ. മേരീസ് ഇടവക പൊതുയോഗം ചേർന്ന് തീരുമാനമെടുത്ത് ഓർത്തഡോക്സ് സഭയുടെ South-West ഭദ്രാസനത്തോടു ചേർന്നു. ഏകദേശം 70 കുടുംബക്കാരുള്ള ഇടവകയാണിത്. സഭൈക്യത്തിന്റെ നേർക്ക് വിശ്വാസികൾ ചിന്തിക്കാൻ തുടങ്ങിയതിന്റെ സൂചനയായി ഇതിനെ കാണാം. ഒരേ ചരിത്രവും വിശ്വാസവുമുള്ള രണ്ടുവിഭാഗങ്ങൾ ഭിന്നിച്ചു നിൽക്കുന്നതിന്റെ അടിസ്ഥാനം സ്വാർത്ഥതയും വൈരാഗ്യബുദ്ധിയും ഭയവും മാത്രമാണെന്ന് ആർക്കാണ് അറിയാത്തത്.

**ഭിന്നത നിലനിൽക്കുന്നതിനാൽ എന്തൊക്കെ പ്രശ്നങ്ങൾ സഭയിൽ നിലനിൽക്കുന്നു?**

തെറ്റായ വേദശാസ്ത്രങ്ങളും വിശ്വാസങ്ങളും വ്യാപിക്കുന്നു. സഭയുടെ സാക്ഷ്യം നിർവ്വഹിക്കപ്പെടുന്നില്ല. സഭയുടെ ഭൗതിക-ബൗദ്ധിക-ആദ്ധ്യാത്മീക വിഭവശേഷികൾ വേണ്ടവിധം പ്രയോജനപ്പെടാതെ പാഴാകുന്നു. ആദ്ധ്യാത്മീക തർക്കം നിമിത്തം സഭാജീവിതം തകരുന്നു. വിവാഹമോചനങ്ങൾ വർദ്ധിക്കുന്നു. എല്ലാദിശകളിലുമുള്ള പുരോഗതിയും വളർച്ചയും മുരടിക്കുന്നു. സഭ ദൈവത്തിന്റേതെന്ന ചിന്ത മാറി നേതാക്കന്മാരുടെ സ്വകാര്യപ്രസ്ഥാനങ്ങളായി മാറുന്നു. സഭാംഗങ്ങളിൽ അച്ചടക്കരാഹിത്യം വളരുന്നു. അക്രമം അധികമാകുന്നു. മറ്റുള്ളവരുടെ ദൃഷ്ടിയിൽ സഭ നിന്ദാപാത്രമാകുന്നു. സഭയുടെ പ്രതിച്ഛായ പൊലിയുന്നു; വിശ്വാസ്യത ക്ഷയിക്കുന്നു.




# മദ്ധ്യകാല സഭാ ചരിത്രത്തിൽ പാശ്ചാത്യ – പൗരസ്ത്യസഭകളുടെ അവസ്ഥ – ഒരന്വേഷണം

ഫാ. ഡോ. തോംസൺ റോബി

മദ്ധ്യകാലഘട്ടത്തെ ഇരുണ്ട കാലഘട്ടം എന്നാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സാമൂഹിക-രാഷ്ട്രീയ-സാമുദായികരംഗത്ത് ഈ കാലത്തുണ്ടായ തളർച്ചയുടെ ഫലമായാണ് ഇത്തരത്തിൽ ചിന്തിക്കുവാൻ ഇടയായത്. ഫ്യൂഡലിസത്തിന്റെ വളർച്ചയും, സഭകൾ തമ്മിൽ പരസ്പരം സമ്പർക്കമില്ലാതെ ഒറ്റപ്പെട്ട നിലയിൽ നിലനിന്നതും മൂലം ആദ്യകാല സഭയിൽ നിന്ന് പലരീതിയിലുള്ള വികസനം മധ്യകാല സഭയിൽ ഉണ്ടായി. ആത്മികാധികാരവും, ലൗകീകാധികാരവും ഒന്നിച്ചു കൈകോർത്തുകൊണ്ടു പോകുന്ന പ്രത്യേകതയാണ് മധ്യകാലത്ത് കാണുന്നത്. പാശ്ചാത്യ ലോകത്തും പൗരസ്ത്യ ലോകത്തും വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിലാണ് മധ്യകാലത്ത് നിലനിന്നിരുന്നത്. തന്മൂലം പാശ്ചാത്യ സഭയുടെ മുന്നേറ്റത്തിന് ഈ കാലഘട്ടം സാക്ഷിയായിത്തീർന്നു.

മദ്ധ്യകാലഘട്ടത്തിൽ ക്രിസ്തുമതത്തിന്റെ കേന്ദ്രം മെഡിറ്ററിയൻ കടലിനു ചുററുമുള്ള പ്രദേശങ്ങളിൽ നിന്നു മാറി പശ്ചിമ യൂറോപ്പായിതീർന്നു. കിഴക്കുള്ള മറ്റ് സഭകൾ ഇസ്ലാമിന്റെ ഉരുക്കു മുഷ്ടിയിൽ അമർന്നു. അലക്സാന്ത്രിയൻ, അന്ത്യോഖ്യൻ, ജരുശലേം തുടങ്ങിയ പാത്രിയർക്കേറ്റുകളെ ഇസ്ലാം തളർത്തിക്കളഞ്ഞു. വലിയ മത പീഡനം ഉണ്ടായി. അനേകം പേർ ഇസ്ലാംമതം സ്വീകരിക്കുകയും ചെയ്തു. നെസ്തോറിയൻ ഏകസ്വാഭാവതർക്കത്തിൽ ഉൾപ്പെട്ട് കലഹിച്ചു കഴിഞ്ഞ പൗരസ്ത്യ സഭകളെ ഇസ്ലാംമതം നിർവീര്യമാക്കുകയും ഈജിപ്റ്റ്, വടക്കുപടിഞ്ഞാറൻ ആഫ്രിക്ക, അറേബ്യ, പാലസ്തീൻ, സിറിയ, ടർക്കി തുടങ്ങിയ സ്ഥലങ്ങളിലെ ക്രിസ്ത്യാനികളുടെ സംഖ്യ ഗണ്യമായി കുറയുകയും ചെയ്തു. മദ്ധ്യ യുഗത്തിൽ പൗരസ്ത്യ ദേശത്തെ സഭയുടെ സ്ഥിതിമൂലം സഭയുടെ വളർച്ച ശക്തമായിരുന്നില്ല. എന്നാൽ മദ്ധ്യയുഗത്തിൽ പാശ്ചാത്യ റോമാ സാമ്രാജ്യം ആക്രമിച്ചു കീഴടക്കിയ അപരിഷ്കൃതരെ മാനസാന്തരപ്പെടുത്തുവാൻ പാശ്ചാത്യർക്കു കഴിഞ്ഞതുപോലെ പൗരസ്ത്യ ദേശത്തു കഴിഞ്ഞില്ല തന്മൂലം ഏഷ്യയുടെ ഇതരഭാഗങ്ങളിൽ പ്രചരിക്കേണ്ട രക്ഷാകര സന്ദേശം മെഡിറ്ററിയൻ കടലിനു ചുറ്റും ഒതുങ്ങി നിന്നു.

എഡി. 47-ൽ പാശ്ചാത്യ റോമാ സാമ്രാജ്യം അപരിഷ്കൃതരുടെ ഭീകരാക്രമണത്തിന് വിധേയമായി. എന്നാൽ അവർ ക്രിസ്തുമതം സ്വീകരിച്ചതോടെ സഭാനേതൃത്വം അവർ ഏറ്റെടുത്തു. തുടർന്ന് പാശ്ചാത്യ മതരംഗത്തുണ്ടായ സാഹചര്യങ്ങൾ പോപ്പിന്റെ കീഴിൽ സഭ വളരാൻ ഇടയാക്കി. തന്മൂലം പശ്ചിമ യൂറോപ്പിലെ സഭയുടെ ചരിത്രമാണ് മധ്യകാല സഭാ ചരിത്രമായി ഗ്രന്ഥങ്ങളിൽ കാണുവാൻ കഴിയുന്നത്. കിഴക്കൻ സഭകളുടെ വളർച്ച പ്രതിസന്ധികളിൽ കൂടി ആയിരുന്നതിനാൽ അതിനെ ചരിത്രപരമായി ഉയർത്തി കാട്ടാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം. ആ കാലഘട്ടത്തിൽ സ്വതന്ത്രമായി ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ നിലനിൽക്കുകയും അതിന്റേതായ തനതായ വ്യക്തിത്വം കാത്തുകൊള്ളുകയും ചെയ്തു.

**ആദ്യകാല സഭാചരിത്രം**

ക്രിസ്തുവിന്റെ മരണശേഷം ക്രിസ്തുശിഷ്യന്മാർ ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും സുവിശേഷത്തിനായി പോവുകയും ക്രിസ്തുസഭ ആരംഭിക്കുകയും ചെയ്തു. ആദ്യ നൂറ്റാണ്ടിൽതന്നെ സഭാ കേന്ദ്രം അന്ത്യോഖ്യയായി. തുടർന്ന് റോമൻ സാമ്രാജ്യത്തിലെ മറ്റ് പ്രമുഖ നഗരങ്ങളായ അലക്സാന്ത്രിയായും റോമായും സഭാകേന്ദ്രങ്ങളായി. ഈ പ്രദേശങ്ങളൊക്കെ റോമാ സാമ്രാജ്യത്തിൽ രാഷ്ട്രീയ പ്രാധാന്യമുള്ള നഗരങ്ങളായിരുന്നു. പിന്നീട് കോൺസ്റ്റന്റൈൻ ചക്രവർത്തി കോൺസ്റ്റന്റിനേപ്പിൾ പട്ടണം പണിതതോടെ കോൺസ്റ്റന്റിനേപ്പിളും പ്രധാന കേന്ദ്രമായി. ഈ പട്ടണങ്ങളിലെ മെത്രാന്മാർ പിന്നീട് മെത്രാപ്പോലീത്താമാർ എന്നും മറ്റിടങ്ങളിലെ അദ്ധ്യക്ഷന്മാർ എപ്പിസ്കോപ്പാമാർ എന്നും അറിയപ്പെട്ടു. എന്നാൽ അഞ്ചാം നൂറ്റാണ്ടോടുകൂടെ റോമിലേയും അലക്സാന്ത്രിയായിലേയും മെത്രാന്മാരെ പിതാക്കന്മാരുടെ പിതാവ് എന്ന അർത്ഥത്തിൽ പോപ്പ് (പാപ്പാ) എന്നും മറ്റു സ്ഥലങ്ങളിലെ മെത്രാന്മാരെ പാത്രിയർക്കീസ് എന്നും വിളിക്കപ്പെട്ടു. ഇവിടെ സ്ഥാനത്തിനും പദവിക്കും വ്യത്യാസമില്ല. പേരിൽ വന്ന മാറ്റം മാത്രമാണെന്നത് ശ്രദ്ധേയമാണ്. സഭാ വളർച്ചയോടു ബന്ധപ്പെട്ട തരം തിരുവുകളാണിവ. ഇതേ കാലയളവിൽ തന്നെ പ്രധാന നഗരങ്ങളെ (റോം, അലക്സാന്ത്രിയ, അന്ത്യോഖ്യ, ജറുസലേം, കോൺസ്റ്റാന്റിനേപ്പിൾ) കേന്ദ്രീകരിച്ച് ആരാധനാക്രമങ്ങളും സഭയും വളർന്നു വന്നു അന്ത്യോഖ്യ കേന്ദ്രമാക്കി ബിസന്റയിൻ ആരാധന, അലക്സാന്ത്രിയ കേന്ദ്രമാക്കി കോപ്റ്റിക് ലിറ്റർജി റോം കേന്ദ്രമാക്കി റോമൻ ലിറ്റർജി അതുപോലെ മറ്റ് പ്രധാന നഗരങ്ങളിലും ലിറ്റർജികൾ ഉരുത്തിരിഞ്ഞിട്ടുണ്ട്. ഇതെല്ലാം നാല്, അഞ്ച് നൂറ്റാണ്ടുകളിലായി സംഭവിച്ചതാണ്.

സഭയിലെ ദൈവശാസ്ത്രവും ഈ കാലത്ത് രൂപംകൊണ്ടു. കാരണം, വ്യത്യസ്തങ്ങളായ പാഷാണ്ഡതകളുടെ ആവിർഭാവം മൂലം പലപല പുതിയ ചിന്തകൾക്കും കാരണമായി. പുത്രന്റെ ദൈവത്വം നിഷേധിച്ച ആരിയനിസം, പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ച് പനെവുമാതോമാക്കിസം, നെസ്തോറിയനിസം, ഏക സ്വഭാവവാദം തുടങ്ങിയവ പൗരസ്ത്യ ദേശത്ത് ഉടലെടുത്ത പാഷാണ്ഡതകളാണ്. പെലാജിയനിസം, ഡൊണാറ്റിസം, പ്രിഷില്ലിയനിസം തുടങ്ങിയവ പാശ്ചാത്യ ലോകത്ത് ഉടലെടുത്ത പാഷാണ്ഡതകളാണ്, പ്രശ്നപരി

ഹാരത്തിന് കിഴക്കും പടിഞ്ഞാറും ഉള്ള (പൗരസ്ത്യരും, പാശ്ചാത്യരും) പിതാക്കന്മാർ ഒരുപോലെ സംഭാവനകൾ നൽകി. പൗരസ്ത്യദേശങ്ങളിൽ വൈവിധ്യമാർന്ന സംസ്കാരങ്ങൾ നിലനിന്നിരുന്നതിനാൽ പാശ്ചാത്യ നാടുകളിലേതിനേക്കാൾ വൈവിധ്യമാർന്ന ആരാധനാരീതിയും മറ്റും ഉടലെടുത്തു..

ആദ്യത്തെ നാല് നൂറ്റാണ്ട് സഭാപിതാക്കന്മാരുടേയും അപ്പോളജെറ്റിക്സുകളുടേയും കാലമായിരുന്നു. കാരണം റോമാനഗരത്തിലും മറ്റും നടമാടിയിരുന്ന രാജകീയ പീഡകളുടെ കാലത്ത് സഭയുടെ അടിസ്ഥാന പ്രമാണങ്ങളായി വിശദമാക്കിയിരുന്നത് സഭാപിതാക്കന്മാരും എഴുത്തുകാരുമായിരുന്നു. ഇക്കാലത്ത് ഉണ്ടായ പാഷാണ്ഡതകളെ എതിർത്ത് വിശ്വാസസംരക്ഷകരായി നിലനിന്നിരുന്ന ഇവരുടെ (Pre-Nicean Fathers) രചനകൾ ദൈവശാസ്ത്രത്തെ വികസിപ്പിക്കുവാൻ ഇടയായി. നിഖ്യാസുന്നഹദോസ് (എഡി 325) തുടങ്ങിയവയിലൂടെ അംഗീകരിച്ച വിശ്വാസ പ്രമാണങ്ങൾ സഭയുടെ അടിസ്ഥാന പ്രമാണങ്ങളായി അംഗീകരിക്കപ്പെട്ടു. പാശ്ചാത്യരും പൗരസ്ത്യരും ഒരുപോലെ അംഗീകരിച്ച ഈ മൂന്നു സുന്നഹദോസുകളിലെ തീരുമാനം ആദ്യകാല സഭാചരിത്രത്തിലെ നിർണ്ണായക ചിന്തകളാണ്.

ഈ കാലഘട്ടത്തിൽ പുതിയ നിയമത്തിലെ മെത്രാനും (episcopos) വൈദികനും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കപ്പെടുകയും ശെമ്മാശൻ, വൈദികൻ, മെത്രാൻ എന്നിങ്ങനെ ഹയരാർക്കിയായി വേർതിരിക്കപ്പെടുകയും ചെയ്തു.

ക്രിസ്തുവിന്റെ ഏറ്റവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയായി ഓരോ സഭയും സ്വയം കരുതി. മറ്റു സഭകൾ അതംഗീകരിക്കുകയും ചെയ്തിരുന്നു. ഒരു സഭയും മറ്റൊരു സഭയുടെ മാതാവായി സ്വയം അവരോധിച്ചില്ല. മറിച്ച് ജറുസലേം സഭയെ ഈ എല്ലാ സഭകളും മാതൃസഭയായി പരിഗണിച്ചു. സഭയിൽ വൈവിധ്യം നിലനിന്നിരുന്നെങ്കിലും അതൊന്നും ഐക്യത്തിന് വിലങ്ങുതടിയായിരുന്നില്ല

പാശ്ചാത്യ സഭയുടെ ചിന്തയിലുള്ള മാറ്റം 4-ാം നൂറ്റാണ്ടോടെ ഉണ്ടായപ്പോൾ സഭയുടെ വൈവിധ്യം ചില പ്രയാസങ്ങളിലേക്ക് ചെന്നടുക്കുവാൻ ഇടയാക്കി. കോൺസ്റ്റന്റയിന്റെ പ്രവർത്തനത്തോടെ റോമിലെ സഭയുടെ പ്രസ്ക്തി വർദ്ധിച്ചു. ക്രിസ്ത്യാനികൾക്ക് ഉന്നത സ്ഥാനം ലഭിച്ചു. സഭയക്ക് സ്വത്തു കൈവശം വയ്ക്കാമെന്നു വന്നപ്പോൾ പലരും തങ്ങളുടെ സ്വത്തുക്കളും ചെറുതും വലുതുമായ തോട്ടങ്ങളും റോമിലെ സഭാധികാരിയായ പോപ്പിനെ ഏൽപിച്ചു. അത് മാർപാപ്പ ഒരു ഭൂവുടമയും രാജാവും ആകുന്നതിന്റെ തുടക്കം കുറിച്ചു. ചക്രവർത്തിമാർ കത്തോലിക്കാ വിശ്വാസത്തിന്റെ സംരക്ഷകരായി മാറി തുടർന്ന് സഭയും രാഷ്ട്രവും തമ്മിൽ ഒന്നിച്ചുപോകുന്ന അവസ്ഥ ഉടലെടുത്തു. ആത്മീകാധികാരം ഭൗതികാധികാരത്തേക്കാൾ ശ്രേഷ്ഠമെന്ന വിശ്വാസം ശക്തമായി. റോമിൽ ജസ്റ്റീനിയന്റെ കാലഘട്ടം ഇതിനെ അരക്കിട്ടുറപ്പിക്കുന്നതായിരുന്നു. ഇതിന്റെ വ്യക്തമായ ഉദാഹരണമാണ് കൽക്കദോന്യ സുന്നഹദോസ്. വ്യക്തമായ രാഷ്ട്രീയ മുതലെടുപ്പാണ് അവിടെ നടന്നത്. റോമിലെ പോപ്പിന്റെ അപ്രമാദിത്വം സമാരംഭിക്കുവാൻ നടത്തപ്പെട്ട എഡി. 451 ലെ സുന്നഹദോസ് റോമിലെ സഭയുടെ പ്രത്യേകിച്ച് പാശ്ചാത്യ സഭയുടെ മേൽക്കോയ്മ പൗരസ്ത്യരുടെ ചിന്തയുടെ മേൽ അടിച്ചേൽപിക്കുവാനുള്ള ശ്രമമായിരുന്നു എന്നത് വ്യക്തമാണ്. സുറിയാനി പാരമ്പര്യത്തെ സ്വീകരിച്ചിരുന്ന ക്രിസ്ത്യാനികൾ പേർഷ്യൻ സാമ്രാജ്യങ്ങളിലായി വിഭജിതരായിരുന്നു. അവരെ ഏക സ്വഭാവ വാദികളായി പാശ്ചാത്യർ കണ്ടിരുന്നു. ബിസന്റയിൽ വച്ചു നടത്തപ്പെട്ട കൽക്കദോന്യ സുന്നഹദോസിനെ അംഗീകരിക്കാത്ത പൗരസ്ത്യരായ വിസ്വാസികളെ ഏക സ്വഭാവ വാദികളായി മുദ്രകുത്തുകയും ചെയ്തു. ഇങ്ങനെ സിറിയായിലും , ഏത്യോപ്യയിലും അർമേനിയയിലും, മലങ്കരയിലും, ഈജിപ്തിലും ഉള്ള സഭകൾ കൽക്കദോന്യ സുസുന്നഹദോസ് അംഗീകരിക്കാത്ത ഓറിയന്റൽ ഓർത്തഡോക്സ് സഭകളായി. ഇവർ പിന്നീട് അവരുടേതായ വിശ്വാസവുമായി തുടരുകയാൽ മദ്ധ്യനൂറ്റാണ്ടുകളിൽ സഭാ ചരിത്രരംഗത്തേക്ക് വന്നില്ല എന്നതാണ് ശരി.

ആദി നൂറ്റാണ്ടുകളിലെ സഭാചരിത്രത്തിൽ എല്ലാ സഭകളും അവരുടേതായ വിശ്വാസങ്ങൾ അനുവർത്തിച്ചുവന്നിരുന്നു. എന്നാൽ ക്രമേണ രാഷ്ട്രീയ സ്വാധീനമുള്ള പാശ്ചാത്യ സഭകൾ പ്രചാരം നേടുകയും മറ്റു സഭകൾ പാരമ്പര്യവാദികളായി തുടരുകയും ചെയ്തു. ക്രമേണ യൂറോപ്യൻ രാജ്യങ്ങളിലെ സഭയാണ് ക്രൈസ്തവസഭ എന്ന തെറ്റായ ചിന്ത സഭാചരിത്രത്തിൽ ഉണ്ടാവുകയും ചെയ്തു.

**മദ്ധ്യകാല സഭാചരിത്രം**

സഭാ പിതാക്കന്മാരുടെ കാലത്തു തന്നെ സഭയിൽ തുടങ്ങിയ പിളർപ്പ് മധ്യകാലഘട്ടത്തിൽ വളർന്നു. പരസ്പരബന്ധമോ, കൂട്ടായ്മയോ സംസർഗ്ഗമോ ഇല്ലാതെ സഭകൾ സ്വാർത്ഥ പാതയിലൂടെ മുന്നോട്ടു നീങ്ങി. ഏകപക്ഷീയമായ സഭാശാസ്ത്രങ്ങളും ദൈവശാസ്ത്ര വീക്ഷണങ്ങളും വളർന്നുവന്നു. ഐക്യത്തിനായുള്ള അഭിനിവേശം ഗൗരവമായി സഭകളുടെ ഭാഗത്തു നിന്ന് ഉണ്ടായില്ല. ഈ കാലഘട്ടത്തിലുണ്ടായ അപരിഷ്കൃതരുടെ കടന്നാക്രമണം എതിർത്ത് എതിരാളികളെ മാനസാന്തരപ്പെടുത്തി ക്രൈസ്തവരാക്കുവാൻ പാശ്ചാത്യർക്കു കഴിഞ്ഞപ്പോൾ പൗരസ്ത്യ സഭകൾ പരസ്പരം കലഹിച്ച് കഴിഞ്ഞതിനാൽ ഈ ദൗത്യ നിർവ്വഹണത്തിൽ അവർ പരാജയപ്പെട്ടു. കാരണം ഇസ്ലാമിന്റെ അധിനിവേശത്തിൽ പൗരസ്ത്യർക്ക് പിടിച്ചുനിൽക്കുവാൻ കഴിഞ്ഞില്ല. തെക്കുനിന്നുവന്ന അറബികൾ മധ്യേഷ്യയിൽ നിന്നുവന്ന തുർക്കികൾ മംഗോളിയായിൽ നിന്നുവന്ന മംഗോളിയർ തുടങ്ങിയ മുസ്ലീംമത ചിന്തകരെ ഒറ്റക്കെട്ടായി നിന്ന് ക്രൈസ്തവീകരിക്കുവാനുള്ള ശക്തി പൗരസ്ത്യ ക്രൈസ്ത്രവർക്കില്ലാതെ പോയി.

ഈജിപ്ത്, സിറിയ, അറേബ്യ, ഏഷ്യാമൈനർ (തുർക്കി) മെസപ്പൊ

ട്ടേമിയ എന്നിവിടങ്ങളിൽ ഏഴാം നൂറ്റാണ്ടിൽ മിക്കവാറും എല്ലാവരും തന്നെ ക്രിസ്ത്യാനികളായിരുന്നു. . എങ്കിലും ഈ പ്രദേശത്തുള്ള സുറിയാനിക്കാരും, ഈജിപ്തുകാരും ബിസന്റിനിയൻ ഭരണത്തിൽ അതൃപ്തരായിരുന്നു. അക്കാരണത്താൽ ആദ്യകാലത്ത് ഇസ്ലാമിനെ വിമോചകരായി കണ്ടവരുണ്ട്. പേർഷ്യയിലും മറ്റും ആഴ്നിറങ്ങിയ അറബ് ദേശീയതയെ ചെറുക്കുവാൻ പൗരസ്ത്യ സഭയ്ക്ക് കഴിഞ്ഞില്ല. അറബി ആക്രമണത്തോടു കൂടി (630-650) പശ്ചിമേഷ്യയിലെ അതിർത്തികൾ ഇല്ലാതായി. ഈജിപ്ത്, പാലസ്തീൻ, സിറിയ, മെസപ്പൊട്ടേമിയ, പേർഷ്യ തുടങ്ങിയ സ്ഥലങ്ങളെ അറബികളുടെ കീഴിൽ ഏക രാജ്യമായി. സുറിയാനിക്കാരുൾപ്പെടെ ഈ ഏകരാജ്യത്തിനുള്ളിലായി. മർദ്ദകരായ ബസന്റിനിയൻ ചക്രവർത്തിമാരിൽ നിന്നുള്ള വിമോചകരായി സുറിയാനിക്കാർ അറബികളെ ദർശിച്ചു. കൂടെ ഒട്ടേറെ നാട്ടുരാജ്യങ്ങൾ റോമക്കാർ പിടിച്ച് അവരുടെ രാജ്യത്തിൽ ചേർത്തതോടു കൂടി സുറിയാനിക്കാർ രാഷ്ട്രീയമായി ഒരു ശക്തി അല്ലാതായി. അറബികളുടെ കീഴിൽ സാവധാനം, സുറിയാനി ഭാഷയുടെ പ്രചാരണവും പൗരസ്ത്യ സഭകളുടെ പ്രസക്തിയും കുറയുവാൻ ഇടയായി ഇങ്ങനെ ഇസ്ലാമിന്റെ കീഴിൽ പൗരസ്ത്യ സഭ ഒരു ചെറു സമൂഹമായി ചുരുങ്ങി. അതോടെ പൗരസ്ത്യ പാത്രയർക്കീസുകളുടെ സ്ഥാനത്തിന് ഇടിവു സംഭവിച്ചു.

എന്നാൽ പാശ്ചാത്യ പാത്രയർക്കീസായ റോമിലെ മേല്പട്ടക്കാരൻ പാശ്ചാത്യ റോമാ സാമ്രാജ്യത്തിലെ പ്രത്യേകമായ രാഷ്ട്രീയ പശ്ചാത്തലത്തിൽ ഉയർന്നു വന്നു. പാശ്ചാത്യ റോമാ സാമ്രാജ്യം എഡി. 476-ൽ വിദേശാധിപത്യത്തിൽ തളർന്നു കഴിഞ്ഞപ്പോൾ, റോമിലെ മെത്രാനാകട്ടെ ഒരു പ്രാദേശിക നേതാവായി ഉയരാൻ തുടങ്ങി. പേപ്പൽ സംസ്ഥാനങ്ങളുടെ രൂപീകരണത്തോടെ കാലക്രമത്തിൽ പോപ്പിന്റെ അധികാരങ്ങൾ വർദ്ധിക്കുവാൻ ഇടയായി. റോമിലെ പാപ്പ പേപ്പൽ സംസ്ഥാനങ്ങളുടെ അധിപനായപ്പോൾ ലൗകികാധികാരങ്ങളുടെ തലത്തിലുള്ള ചുമതലയും അദ്ദേഹത്തിന് കൈവന്നു. സഭയും ഫ്യൂഡലിസവും യൂറോപ്യൻ രാജ്യങ്ങളിൽ ഇഴുകി ചേർന്നു. തുടർന്ന് റോമിലെ മെത്രാൻ മറ്റ് പൗരസ്ത്യ സഭാദ്ധ്യക്ഷന്മാരെപ്പോലെ ഒരാദ്ധ്യാത്മികാദ്ധ്യക്ഷൻ എന്ന നില വിട്ട് ഒരു ഫ്യൂഡൽ പ്രഭുവും പാശ്ചാത്യ ലോകത്തിലെ ശക്തനായ രാഷ്ട്രീയ നേതാവുമായി. തന്റെ രാജ്യത്തെ ജനങ്ങളുടെ സംരക്ഷകനും, രാജാവും, നീതി പാലകനുമായി. സഭകളെയും മറ്റുള്ളവരെയും ഒന്നിച്ചു നിർത്തുന്ന ആധ്യാത്മികാദ്ധ്യക്ഷൻ എന്ന നിലവിട്ട് പേപ്പൽ സംസ്ഥാനങ്ങളുടേയും യൂറോപ്യൻ രാജ്യങ്ങളുടേയും താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന വ്യക്തിയായി തീർന്നു. തത്ഫലമായി പൗരസ്ത്യ സഭാധ്യക്ഷരുമായുള്ള ബന്ധം മുറിഞ്ഞുപോയി. തുടർന്ന് മാർപ്പാപ്പ ക്രിസ്തുവിന്റെ വികാരി എന്ന നിലയിലേക്ക് എത്തിച്ചേരുകയും ചെയ്തു. മറ്റു രാജ്യങ്ങളിലും പാശ്ചാത്യ സഭകളിലും അദ്ദേഹം ഇടപെടുവാൻ തുടങ്ങി. റോമിൽ കേന്ദ്രീകൃതമായ ഒരു ഭരണ സംവിധാനം ഉരുത്തിരിഞ്ഞു. പതിനൊന്നാം നൂറ്റാണ്ടു മുതൽ പാശ്ചത്യ രാജാക്കന്മാർ പാപ്പാമരുടെ ലൗകിക നേതൃത്വം പരക്കെ അംഗീകരിക്കുവാൻ തുടങ്ങി. (ഗ്രിഗറി 7-ന്റെ കാലം മുതൽ) ചക്രവർത്തിമാരെ വാഴിക്കുന്നതിനും പോപ്പുമാർക്ക് അവകാശം ലഭിച്ചു. പാപ്പാമരുടെ അനുവാദത്തോടെ ക്രിസ്തുമതം പ്രചരിപ്പിക്കുവാൻ സ്പെയിനും പോർട്ടുഗലിനും അനുവാദം ലഭിക്കുകയും (പഡ്രോവാഡോ). അവർ പൗരസ്ത്യദേശങ്ങളിലേക്ക് മത പ്രചാരണത്തിന് ശ്രമിക്കുകയും ചെയ്തു. അങ്ങനെയാണ് പോർട്ടുഗീസുകാർ മലങ്കരയിലെത്തിയതും മലങ്കരസഭയെ പാശ്ചാത്യവൽക്കരിക്കാൻ ഇടയായതും.

മദ്ധ്യനൂറ്റാണ്ടിൽ സഭാചരിത്രത്തിൽ സംഭവിച്ച മറ്റൊരു സംഭവമാണ് ലത്തീൻ സഭയും ഗ്രീക്ക് സഭയും (ബിസന്റിനിയൻ സഭ) തമ്മിലുള്ള വേർപിരിയൽ. കൽക്കദോന്യ സുന്നഹദോസിനെ അംഗീകരിക്കാതെ മാറിനിന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ നിന്ന് വേറിട്ട് ഗ്രീക്ക്സഭ കത്തോലിക്കാ വിശ്വാസത്തോട് ചേർന്നു നിന്നു. എന്നാൽ 11-ാം നൂറ്റാണ്ടിൽ പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെക്കുറിച്ചുള്ള തർക്കത്തിൽ ഈ രണ്ടുസഭകളും തമ്മിൽ വേർപിരിയാൻ ഇടയായി. എന്നാൽ 1054 നു ശേഷവും കിഴക്കും പടിഞ്ഞാറും തമ്മിലുള്ള ബന്ധത്തിൽ വലിയ മാറ്റം സംഭവിച്ചില്ല എന്നും കുരിശുയുദ്ധത്തോടെയാണ് കിഴക്കിനേയും പടിഞ്ഞാറിനെയും തമ്മിൽ അകറ്റുവാൻ ഇടയായതെന്നും പറയപ്പെടുന്നുണ്ട്. എന്തായിരുന്നാലും റോമൻ കത്തോലിക്കാസഭയും ബിസന്റിനിയൻ സഭയും തമ്മിലുള്ള വേർതിരിയൽ കിഴക്ക് ശക്തമായ കത്തോലിക്കാ വിരുദ്ധവികാരം ഉണ്ടാകുവാൻ ഇടയായി.

മദ്ധ്യനൂറ്റാണ്ടിൽ മലങ്കരസഭയുടെ ബന്ധം പ്രധാനമായും പേർഷ്യൻ സഭയുമായിട്ടായിരുന്നു. കാരണം, പാശ്ചാത്യരുടെ വിശ്വാസത്തെ അംഗീകരിക്കാത്ത മലങ്കരസഭ തങ്ങളുടെ വിശ്വാസത്തോടു ചേർന്നു നിൽക്കുന്ന പേർഷ്യയിലെ തിഗ്രീസ് ആസ്ഥാനമായ സഭയുമായിട്ടായിരുന്നു ആത്മീകകാര്യങ്ങൾക്ക് ബന്ധപ്പെട്ടിരുന്നത്. അതേസമയം ഇവിടെ മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടേതായ പാരമ്പര്യങ്ങളും വിശ്വാസങ്ങളും അനുവർത്തിച്ചിരുന്നു. രാഷ്ട്രീയപരമായും സാമൂഹ്യപരമായും തനതായ വ്യക്തിത്വം പരിപാലിച്ച സഭയായി ഇവിടെ മലങ്കരസഭ നിലനിന്നിരുന്നു. മുസ്ലീം അഭിനിവേശത്തോടെ പൗരസ്ത്യസഭകൾക്കുണ്ടായ അപചയം മലങ്കരസഭയ്ക്കും ഉണ്ടായി എങ്കിലും വിശ്വാസകാര്യങ്ങളിൽ യാതൊരു മാറ്റവും ഉണ്ടായില്ല. പേർഷ്യയിൽ നിന്ന് മെത്രാന്മാർ വരികയും ഇവിടെ ആവശ്യമുള്ള ആത്മീകകാര്യങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിരുന്നു. തദ്ദേശീയനായ അർക്കദിയാക്കൻ ഭരണകാര്യങ്ങൾ നടത്തുകയും ചെയ്തുവന്നിരുന്നു. അങ്ങനെയുള്ള മലങ്കരസഭയിൽ പാശ്ചാത്യരായ പോർട്ടുഗീസുകാർ വന്ന് അവരുടെ കത്തോലിക്കാവിശ്വാസം അടി

ച്ചേല്പിക്കുവാനാണ് ശ്രമിച്ചത്. മധ്യനൂറ്റാണ്ടിൽ യൂറോപ്പിലും മറ്റ് പാശ്ചാത്യലോകത്തും പേപ്പസിയുടെ അപചയം പരിഹരിക്കുവാനും പുതിയ മേച്ചിൽസ്ഥലങ്ങൾ കണ്ടെത്തുവാനും ഉള്ള ശ്രമങ്ങളുടെ ഭാഗമാണ് മലങ്കരയിൽ പിന്നീട് നടന്ന സംഭവങ്ങൾ. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനുകളിൽ മലങ്കരസഭയുടെ വിശ്വാസം എന്തായിരുന്നുവെന്ന് വ്യക്തമാകുന്നു. ഹിന്ദുക്കളോടൊപ്പം സഹവാസം ഉള്ളതിനാൽ ചില ഭാരതീയ ആചാരങ്ങൾ മലങ്കരയിൽ നിലനിന്നിരുന്നു. പക്ഷേ വിശ്വാസങ്ങളിൽ വ്യതിചലിച്ചിരുന്നില്ല.

പൗരസ്ത്യസഭകൾ പാശ്ചാത്യ സഭയെപ്പോലെ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുവാൻ ശ്രമിച്ചില്ല. ഓറിയന്റൽ ഓർത്തഡോക്സ് സഭകളും പിന്നീട് ബിസന്റൈനിയൻ സഭകളും അവരുടെ തനതായ വ്യക്തിത്വത്തിലും വിശ്വാസത്തിലും നിലനിന്നു. മാർപ്പാപ്പയുടെ ആത്മീയ മേധാവിത്വം അംഗീകരിക്കുവാനോ, താത്വിക കാര്യങ്ങൾ പാശ്ചാത്യ ദൈവശാസ്ത്ര വീക്ഷണങ്ങളിലൂടെ സ്വീകരിക്കുവാനോ അവർ ഒരുക്കമുള്ളവരായിരുന്നില്ല. കോൺസ്റ്റാന്റിനേപ്പിളിലെ പാത്രിയർക്കീസ്മാർ തങ്ങളുടെ പ്രത്യേക സ്ഥാനം ഊന്നിപ്പറയാൻ ശ്രമിച്ചിരുന്നുവെങ്കിലും മറ്റ് ഓർത്തഡോക്സ് സഭകൾ അതിനു ശ്രമിച്ചിരുന്നില്ല.

ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലായ ഏഷ്യയിൽ ക്രിസ്തുമതത്തിന് ഇസ്ലാം കടുത്ത പ്രഹരമേൽപ്പിച്ചു. മധ്യനൂറ്റാണ്ടിൽ പൗരസ്ത്യ സഭകളുടെ വളർച്ചയ്ക്ക് വിലങ്ങുതടിയായതും ഇതുതന്നെയാണ്. ഈ കാലഘട്ടത്തിൽ ബൈബിൾ അറബിയിലേക്ക് വിവർത്തനം ചെയ്തിരുന്നെങ്കിൽ പൗരസ്ത്യ ക്രിസ്തുമതത്തിന്റെ സ്ഥിതി വ്യത്യസ്തമാകുമായിരുന്നു. കലഹത്തിനിടയിൽ അറബികൾക്ക് മനസ്സിലാകുന്ന രീതിയിൽ രക്ഷാകര സന്ദേശം പകർന്നു കൊടുക്കുവാൻ അവർക്ക് കഴിഞ്ഞില്ല. ഇത് ഏഷ്യയിൽ ഇസ്ലാംമതത്തിന് പ്രചാരം ലഭിക്കുവാൻ ഇടയാകുകയും മധ്യനൂറ്റാണ്ടുകളിൽ പൗരസ്ത്യദേശത്ത് സഭകൾ അധഃപതിക്കുവാൻ ഇടയാകുകയും ചെയ്തു. ശക്തരായ മുസ്ലീം ഭരണാധികാരികളുടെ കീഴിൽ മദ്ധ്യേഷ്യയും പശ്ചിമേഷ്യയും ഇസ്ലാമായിക്കൊണ്ടിരുന്നു. കേരളം, പശ്ചിമേഷ്യ എന്നിവിടങ്ങളിലൊഴിച്ചാൽ ഏഷ്യയിലെങ്ങും ശക്തമായ ഒരു ക്രൈസ്തവസമൂഹം അവശേഷിച്ചിരുന്നില്ല. ക്രിസ്തുവർഷം 1000 മുതൽ 1500 വരെയുള്ള കാലത്തെ വിവിധ മലവെള്ളപ്പാച്ചിലുകളെ അതിജീവിച്ച് ക്രൈസ്തവസഭ ഏഷ്യയിൽ നിലനിന്നു എന്നതുതന്നെ വലിയ അത്ഭുതമാണ്. എന്നാൽ പാശ്ചാത്യലോകത്ത് പോപ്പിന്റെ കീഴിൽ പ്രഭുക്കന്മാരെ ഒന്നിപ്പിച്ച് സഭ വളർന്നു.

യൂറോപ്പിൽ ക്രിസ്തുമതം വ്യാപിച്ചപ്പോൾ എന്തുകൊണ്ടാണ് ഏഷ്യൻ ക്രിസ്തുമതം മാർജിനൽ അസ്തിത്വത്തിലൊതുങ്ങിയത് എന്ന് ചിന്തിക്കുകയായിരുന്നു. ഭൂമിശാസ്ത്രപരമായ കാരണവും നിരന്തരമായ മതപീഡനവും രാജാക്കന്മാരുടെ പിന്താങ്ങലിന്റെ അഭാവവും ഏഷ്യയിലെ മറ്റ് മതങ്ങളുടെ സ്വാധീനവും തുടങ്ങി പല കാരണങ്ങളും ഏഷ്യയിൽ ക്രിസ്തുസഭയുടെ വളർച്ചയെ മധ്യനൂറ്റാണ്ടിൽ തടസ്സപ്പെടുത്തി. മുസ്ലീങ്ങളുടെ മധ്യനൂറ്റാണ്ടിലെ ഏഷ്യയിലെ വളർച്ചയാണ് അങ്ങനെ പൗരസ്ത്യസഭയുടെ വളർച്ചയെയും ബാധിച്ചത്. ക്രിസ്തുമതം ഏഷ്യയിലെ മതമാണെങ്കിലും ഏഷ്യയിലെ വിവിധ സംസ്ക്കാരങ്ങളേയും തത്വചിന്തകളേയും കോർത്തിണക്കി ക്രൈസ്തവീകരിക്കാൻ ക്രിസ്തുമതത്തിന് കഴിഞ്ഞില്ല. തന്മൂലം ഏഷ്യൻ സാമ്രാജ്യങ്ങളെല്ലാം തന്നെ ക്രൈസ്തവ വിരുദ്ധമായിരുന്നു. ചാർളിമെയിനെപ്പോലൊരാൾ പൗരസ്ത്യദേശത്തുണ്ടായിരുന്നെങ്കിൽ ലോക ക്രിസ്തുമതത്തിന്റെ സ്ഥിതി മറ്റൊന്നാകുമായിരുന്നു. ക്രിസ്തുമതത്തിന് ഏഷ്യൻ രാഷ്ട്രീയാധികാരികളുടെ പരിലാളന പരിമിതമായേ ലഭിച്ചുള്ളൂ. എല്ലാത്തരത്തിലും ഞെരുക്കപ്പെട്ട, നിന്ദിക്കപ്പെട്ട, ശബ്ദരഹിതരായിക്കഴിഞ്ഞ സമൂഹത്തിന് എങ്ങനെ വളരാനാവും? ഇതാണ് ഏഷ്യയിലെ ക്രിസ്തുമതത്തിന് സംഭവിച്ചത്. ക്രിസ്ത്യാനികളുടെ ഇടയിലെ അന്ത:ഛിദ്രങ്ങളും ക്രൈസ്തവ വിരുദ്ധരെ സഭയുടെ കാര്യങ്ങളിൽ ഇടപെടാൻ വഴിയൊരുക്കി. എങ്കിലും ഇത്രമാത്രം അടിച്ചമർത്തലുകൾ ഉണ്ടായിട്ടും അതിനെ അതിജീവിച്ചുകൊണ്ട് അഭംഗുരം ക്രൈസ്തവവിശ്വാസം കാത്തുസൂക്ഷിക്കപ്പെട്ടു എന്നതിൽ അഭിമാനിക്കാവുന്നതാണ്.

## സ്ത്രീകൾക്ക് ഒരു പുതിയ കൂട്ടായ്മ

തനിച്ചു താമസിക്കുന്നവരും സന്യാസജീവിത പ്രസ്ഥാനത്തിൽ ചേരുവാൻ ആഗ്രഹിക്കാത്തവരുമായ സ്ത്രീകളുടെ ഒരു കൂട്ടായ്മ രൂപപ്പെടുന്നു. 2015 ജൂലൈ 19 ന് പാമ്പാക്കുടയിലെ സമന്വയയിൽ ചേർന്ന അങ്ങനെയുള്ള സ്ത്രീകളുടെ യോഗമാണ് ഇത്തരമൊരു സംരംഭത്തിന് തുടക്കം കുറിച്ചത്. ഓരോരുത്തരും അവരവർ താമസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നിടത്തുതന്നെ തുടരാവുന്നതാണ്. എന്നാൽ മാസംതോറും ഒരു ദിവസം എല്ലാവരും ഒത്തുചേരുകയും പ്രാർത്ഥന, പഠനം, ചർച്ചകൾ എന്നിവയ്ക്കുവേണ്ടി ചെലവഴിക്കുകയും ചെയ്യുവാനാണ് തീരുമാനം. അവധിക്കാലത്ത് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ഒരു വാർഷിക സമ്മേളനത്തിനും പദ്ധതിയുണ്ട്. അർത്ഥവത്തായ ആത്മീയജീവിതവും കൂട്ടായ്മയും ലക്ഷ്യമിട്ടാണ് ഈ പ്രസ്ഥാനം ആരംഭിക്കുന്നത്. ഇതിലെ അംഗങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ സ്ഥിരമായി ഒരുമിച്ച് താമസിച്ച് വാർദ്ധക്യകാലം കഴിച്ചുകൂട്ടുന്നതിനുള്ള സംവിധാനത്തിനും ആലോചനയുണ്ട്. തനിയെ ജീവിച്ചുവരുന്ന സ്ത്രീകൾക്ക് ഈ പ്രസ്ഥാനം സമൂഹത്തിൽ ഇടവും അവരുടെ കൂട്ടുചേരൽ ഒരു പുതിയ ചലനവും സൃഷ്ടിക്കുമെന്നാണ് അതിന്റെ സംഘാടകർ കരുതുന്നത്. ഇതുമായി സഹകരിക്കാൻ ആഗ്രഹിക്കുന്നവർ സമന്വയ ഹോം ഡയറക്ടറുമായി 9847205479 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

RNI No. KERMAL/2012/46014 Date of Publication 15-08-2015 Licence No. KL/CR/ALU/WPP-02/2013-15
Reg. No. KL/ALY/0067/2013-2015 Price Rs. 10/- Licensed to Post Without Pre-payment

# DIOCESAN BULLETIN

## പൗരോഹിത്യ സുവർണ്ണ ജൂബിലി



പുറ്റാനിൽ ജോസഫ് കശീശ പൗരോഹിത്യശുശ്രൂഷയിൽ 50 വർഷം പിന്നിട്ടിരിക്കുന്നു. 1965 ഏപ്രിൽ 23 ന് പെരിയാമ്പ്ര സെന്റ് ജോർജ്ജ് പള്ളിയിൽ വച്ച് അവിഭക്ത മലങ്കരസഭയുടെ കണ്ടനാട് ഭദ്രാസനമെത്രാപ്പോലീത്ത അഭി. പൗലോസ് മാർ ഫീലക്സിനോസ് തിരുമേനിയാണ് അദ്ദേഹത്തിന് വൈദീകപട്ടം നൽകിയത്. ബഹു. അച്ചന്റെ കലാലയ വിദ്യാഭ്യാസം ആലുവ യു.സി. കോളേജിലായിരുന്നു. മലേക്കുരിശ് ദയറായിലും കോട്ടയം വൈദീക സെമിനാരിയിലുമായി വൈദീക-വേദശാസ്ത്രപഠനം പൂർത്തിയാക്കി. പട്ടമേറ്റതിനെ തുടർന്ന് കോട്ടയം ഭദ്രാസനത്തിലെ കുഴിമറ്റം സെന്റ് ജോർജ്ജ് തുടങ്ങിയ ചില പള്ളികളിൽ ശുശ്രൂഷ അനുഷ്ഠിച്ചു. 1970-ഓടെ സേവനം ഹൈറേഞ്ച് മേഖലയിലായി. തേക്കടി സെന്റ് മേരീസ് പള്ളിയിലാണ് തുടക്കം. ഇപ്പോൾ ഇടുക്കി ഭദ്രാസനത്തിൽ ഉൾപ്പെടുന്ന പുറ്റടി, കൊച്ചറ, വാഴവര, ചക്കുപള്ളം, ഏഴാംമൈൽ എന്നിവിടങ്ങളിൽ പള്ളിസ്ഥാപിക്കുന്നതിനു നേതൃത്വം നൽകി. ആനവിലാസം പള്ളി പുതുക്കി പണിയിച്ചു. ഞാറക്കാട്, പണ്ടപ്പിള്ളി, ചെമ്പ്, മംഗലത്തുതാഴം മുതലായ പള്ളികളിൽ വികാരിയായിരുന്നു. 2013-ൽ ഇടുക്കി ഭദ്രാസനത്തിൽ നിന്നാണ് റിട്ടയർ ചെയ്തത്. ഇപ്പോൾ കുമളിക്കു സമീപമുള്ള ചെല്ലാർകോവിൽ വിനോദസഞ്ചാര കേന്ദ്രത്തിൽ ബസ്ക്യാമ്മ ലീലയുമൊരുമിച്ച് വിശ്രമജീവിതം നയിക്കുന്നു. ബഹു. അച്ചൻ പുറ്റാനിൽ യോഹന്നാൻ മല്പാനച്ചന്റെ പുത്രനും കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയുടെ ജ്യേഷ്ഠ സഹോദരനുമാണ്. ഫാ. ജോൺസൺ പുറ്റാനിൽ മകനാണ്.

സഭാമാസികകളിൽ ലേഖനങ്ങളും കവിതകളും എഴുതിക്കൊണ്ടിരിക്കുന്ന ബഹു. ജോസഫ് അച്ചൻ ആരാധനാക്രമത്തിലെ പല ഭാഗങ്ങളും സുറിയാനിയിൽ നിന്ന് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തിട്ടുണ്ട്. 'സ്വർഗീയഗാനസുധ', 'നിത്യപ്രാർത്ഥനാക്രമം-ഗാനാവിഷ്ക്കാരം' എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്.

## അനുസ്മരണ ശുശ്രൂഷയും സമ്മേളനവും



2015 ജൂൺ 17 ന് കർത്തൃസന്നിധിയിലേക്ക് വിളിക്കപ്പെട്ട ബഹു. മരങ്ങാട്ട് പൗലോസ് കശ്ശീശയുടെ 41-ാം ചരമദിന അനുസ്മരണ ശുശ്രൂഷ അദ്ദേഹം കബറടങ്ങിയിരിക്കുന്ന മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ ജൂലൈ 23 ന് നടന്നു. അന്നുരാവിലെ 8 മണിക്ക് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബ്ബാനയിൽ അങ്കമാലി, കണ്ടനാട് (E) ഭദ്രാസനങ്ങളിലെ മിക്ക വൈദീകരും ബഹു. അച്ചന്റെ കുടുംബാംഗങ്ങളും മറ്റു ബന്ധുക്കളും ശിഷ്യഗണങ്ങളും സുഹൃത്തുക്കളുമടങ്ങുന്ന ഒരു വൻജനാവലി സംബന്ധിച്ചു. വി. കുർബ്ബാനയ്ക്കും കബറിങ്കലെ ധൂപപ്രാർത്ഥനയ്ക്കും ശേഷം പള്ളിയകത്തുചേർന്ന അനുസ്മരണ സമ്മേളനത്തിൽ അഭി. തിരുമേനി അദ്ധ്യക്ഷത വഹിച്ചുകൊണ്ട് മുഖ്യഅനുസ്മരണ പ്രഭാഷണം നടത്തി. തന്റെ വന്ദ്യപിതാവ് പുറ്റാനിൽ യോഹന്നാൻ മല്പാനച്ചന്റെ കീഴിൽ പൗലോസ് അച്ചൻ സുറിയാനിയും വേദപുസ്തകവും പഠിച്ചിരുന്ന കാലം മുതൽ അദ്ദേഹവുമായി പുലർത്തിപ്പോന്ന സ്നേഹബന്ധം അനുസ്മരിച്ചുകൊണ്ടാണ് അഭി. തിരുമേനി പ്രസംഗം ആരംഭിച്ചത്. തുടർന്ന് ബഹു. അച്ചന്റെ വ്യക്തിവൈശിഷ്ട്യങ്ങളിലേക്കും പ്രത്യേകതകളിലേക്കും നിലപാടുകളിലേക്കും കടന്നു. പൗലോസച്ചൻ കേൾക്കുന്നതെല്ലാം അപ്പാടെ വിഴുങ്ങുന്ന സ്വഭാവക്കാരനായിരുന്നില്ലെന്നും കാര്യങ്ങൾ വിമർശനബുദ്ധിയോടെ വിശകലനം ചെയ്യുകയും അതിന്റെ വെളിച്ചത്തിൽ അതുസംബന്ധിച്ച നിലപാടെടുക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു എന്നും തിരുമേനി പറഞ്ഞു. ആ നിലപാടിൽ നിന്ന് അദ്ദേഹം വ്യതിചലിച്ചിരുന്നില്ല. തന്റെ അഭിപ്രായങ്ങൾ ആരുടെ മുമ്പിലും മുഖം നോക്കാതെ പ്രകടിപ്പിക്കുവാനുള്ള ആർജ്ജവവും ധൈര്യവും അദ്ദേഹത്തിനുണ്ടായിരുന്നു. അന്ത്യവിശ്രമം തന്റെ ഗുരുവിന്റെ മകന്റെ ആസ്ഥാനത്ത് ആയിരിക്കണമെന്ന ആഗ്രഹം കൊണ്ടാണ് അച്ചൻ മുൻകൂട്ടി മൂവാറ്റുപുഴയിൽ കബറിടം തയ്യാറാക്കിച്ചതെന്നും തിരുമേനി വെളിപ്പെടുത്തി. ഫാ. ജോർജ്ജ് പാടലാട്ട്, സുവിശേഷരംഗത്ത് പൗലോസച്ചന്റെ സഹപ്രവർത്തകരായ സി.വി. ഇയോബ്, പ്രൊഫ. ഇ. എം. പൗലോസ്, ഫാ. എം.റ്റി. തോമസ്, കണ്ടനാട് ഭദ്രാസന സെക്രട്ടറി ഫാ. എബ്രഹാം കാരാമ്മേൽ, കത്തീഡ്രൽ സഹവികാരി ഫാ. ബിനോയ് ജോൺ തുടങ്ങിയവർ അച്ചനെ അനുസ്മരിച്ച് സംസാരിച്ചു. ബഹു. പൗലോസച്ചന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളെ ചിത്രീകരിക്കുന്ന ഒരു ഫിലിം പ്രദർശനവും ഉണ്ടായിരുന്നു. തുടർന്ന് പ്രത്യേക അനുസ്മരണ പ്രാർത്ഥനകളും കത്തീഡ്രൽ ഹാളിൽ സദ്യയും നടന്നു.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha